# GOVT.HIGHER SECONDARY SCHOOL MUNDERI

little KITEs



# കുട്ടിപ്പട്ടം

the digital magazine

GOVT: HIGHER SECONDARY SCHOOL MUNDERI

# കുട്ടിപ്പട്ടം

the digital magazine

# ആശംസ



***വിവരസാങ്കേതികവിദ്യ സാമൂഹ്യവികാസത്തിന്റെ ഉൽപ്പന്നമാണ്. വിവരവിനിമയം ഉൾപ്പെടുന്ന എല്ലാപ്രക്രിയകളും തൽസമയം നടത്താൻ വിവരവിനിമയ ശൃംഖല സഹായിക്കുന്നു. മനുഷ്യൻ അവന്റെ ഏറ്റവും അടുത്ത ആളിനോടുപോലും സംവദിക്കാൻ ആകാതെ കഴങ്ങിനിന്നിരുന്ന അവസ്ഥയിൽ നിന്നും ലോകത്തെവിടെയുമുള്ള ആരോടും സംവദിക്കാൻ കഴിയും എന്ന നിലയിലേക്ക് ഇന്ന് സാങ്കേതികവിദ്യ വളർന്നിരിക്കുന്നു. സങ്കേതങ്ങളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ ഭാവിതലമുറയെ സാമൂഹ്യബോധമുള്ള പൗരരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത്.***

***വിവരസാങ്കേതികവിദ്യയുടെ ഈ പുതുകാലത്ത് മുണ്ടേരി ഗവ. ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയാറാക്കിയ***

***'കുട്ടിപ്പട്ടം'***

***എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.***

***കെ പി ചന്ദ്രൻ***
***പ്രധാനാധ്യാപകൻ***

## താളുകളിൽ

കംപ്യൂട്ടർ ; വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനം......6
ലേഖനം......6
LITTLE KITE Cadets 2018-19......11
ഞാൻ......13
പ്രശ്നോത്തരി......17
മാതൃഭാഷ......20
ഗുരുനാഥൻ......28
केरल की बाढ......29
സ്വപ്നങ്ങളെക്കാത്ത്......31
"പ്രതീക്ഷയുടെ പൊൻ കിരണം"......32
സോഫിയ......35
POLLUTION......37
വിഷയം : കേരളവും പ്രകൃതി ദുരന്തവും......38
ഭൂമിക്കൊരു കൈത്താങ്ങ്......40
डराती बाढ......41
നിശാസങ്ങൾ തുന്നിയ പുതപ്പ്......43
ജീവ ജ്വാല......45
പേമാരിയോ നീയേ......47
Importance of Multicultural Education in India......48
നാട്ടുമാവ്......52
ഇനിയൊരു മദാം ക്യൂറി ഉണ്ടാവുമോ......53
പ്രകൃതിയുടെ സ്വപ്നം......55
പ്രളയ പ്രവാഹങ്ങൾക്കപ്പുറം......57
അമ്മ......59
വായനാ ദിനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രസംഗം......65
പ്രസംഗം......65
സഫലമീ യാത്ര......73
ആസ്വാദനക്കുറിപ്പ്......73
ഇനിയെത്രനാൾ ഈ കാനനസുന്ദരി... കണ്ണാന്തളി......80
വനവിശേഷങ്ങൾ......82

# കംപ്യൂട്ടർ ; വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനം

**ലേഖനം**



നമ്മുടെ നിത്യ ജീവിതത്തിൽ നാം ഒരുപാട് കേൾക്കാറുള്ള രണ്ട് അക്ഷരമാണ് ഐ.ടി .എന്താണ് ഐ.ടി?'ഇൻഫർമേഷൻ ടെക്നോളജി'അഥവാ 'വിവരസാങ്കേതിക വിദ്യ' എന്ന് ആർക്കും എളുപ്പത്തിൽ ഉത്തരം നൽകാം.എന്നാൽ ആഴത്തിലേക്ക് ഇറങ്ങിയാൽ എന്താണ് വിവരസാങ്കേതികവിദ്യ എന്ന് ആർക്കും എളുപ്പം പറയാനാവില്ല.വിവരസാങ്കേതവിദ്യ എന്താണ് എന്നതിനുള്ള വിശദീകരണങ്ങളിൽ ഒന്നു പറയാം.

അറിവു നേടാനുള്ള ആഗ്രഹം മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തനാക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ്.നമ്മുടെ വിദ്യാലയങ്ങളും കലാലയങ്ങളുമെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള അറിവ് സമ്പാദിക്കാനുള്ള ഇടങ്ങളാണ്. ആകാശത്തിന്റെ വ്യതിയാനം, ദിനരാത്രങ്ങളുടെ ദൈർഘ്യം, ഋതുഭേദങ്ങൾ, കടലിന്റെ ആഴം, ശൂന്യാകാശത്തിന്റെ വിസ്മയങ്ങൾ, പ്രകൃതിയിലെ ചെറു ചലനങ്ങൾ തുടങ്ങി മനുഷ്യന് അറിയേണ്ടാത്തതായി ഒന്നുമില്ല. ഏതു വിധേനയും വിവരങ്ങൾ ശേഖരിക്കുവാനും അവ വിശകലനം ചെയ്ത് പുതിയ വിവരങ്ങൾ രൂപീകരിക്കാനുമുള്ള സഹജമായ വാസന മനുഷ്യനിലുണ്ട്. അതിന് അവനെ സഹായിക്കുന്ന വിദ്യയാണ് വിവരസാങ്കേതികവിദ്യ ഇതിൽ കലയും സയൻസും സാമൂഹികശാസ്ത്രവുമെല്ലാം ഒത്തുചേരുന്നു. ഇവയെല്ലാം സമ്മേളിക്കുന്ന വിദ്യയാണ് സാങ്കേതികവിദ്യ.

ഈ വിദ്യ ഇന്നത്തെ കാലഘട്ടത്തിൽ വിപ്ലവങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതായത് ഐ.ടി വിപ്ലവത്തിന്റെ ഒരു കാലഘട്ടത്തിലൂടെയാണ് നാം ഇന്ന് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. വിവര

സാങ്കേതിക വിദ്യയുടെ കുതിപ്പിൽ വിശാലമായ നമ്മുടെ ലോകം ഇന്ന് കൈവെള്ളയിൽ ഒതുങ്ങുന്ന ഒരു കൊച്ചു ഗ്രാമമായി മാറിയിരിക്കുന്നു. കാലദേശാന്തരങ്ങൾ താണ്ടി അറിവിനെ കൈക്കുമ്പിളിലാക്കാൻ വിവര സാങ്കേതിക വിദ്യ കൂടിയേതീരൂ എന്ന് സമൂഹം മനസ്സിലാക്കി കഴിഞ്ഞു.ഒരു രാഷ്ട്രം കൈവരിക്കുന്ന നേട്ടം അതിന്റെ പുരോഗതിയുടെ മുഖമുദ്രയായി എണ്ണപ്പെടുക വരെ ചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിദ്യാഭ്യാസരംഗത്തും വൻമുന്നേറ്റമാണ് വിവരസാങ്കേതികവിദ്യ കൈവരിച്ചിരിക്കുന്നത്. ഇന്ന് നമ്മുടെ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസുകളായി മാറിയിരിക്കുന്നു. മുമ്പ് കേട്ടുപഠിച്ചത് കുട്ടികൾ ഇന്ന് കണ്ടുപഠിക്കുന്നു. സർക്കാർ ഓഫീസുകൾക്കും ഈ വിദ്യ അനുഗ്രഹമായി മാറിയിട്ടുണ്ട്. ചുവപ്പുനാടയുടെ കുരുക്കിൽപെട്ട്  ശ്വാസംമുറുകി ഓഫീസിലെ അലമാരയിൽ കിടക്കുന്ന പേപ്പർ കെട്ടുകൾക്ക് കെട്ടിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചത് അതുകൊണ്ടാണ്.

ഇനി അല്പം ചരിത്രത്തിലേക്ക് കടക്കേണ്ടിയിരിക്കുന്നു. എങ്ങനെയാണ് ഐ.ടി ഇത്രയും വികാസം പ്രാപിച്ചത് ? എന്താണ് ഈ വികാസത്തിന്റെ അടിസ്ഥാനം ? ഇതൊക്കെ അറിയാൻ നാം ചരിത്രമറിയണം.

വിവരസാങ്കേതികവിദ്യയ്ക്ക് പുതിയ ഒരു അർഥം ഉണ്ടായത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. കൃത്യമായിപറഞ്ഞാൽ 1853. മഹാനായ ചാൾസ് ബാബേജ് ഒരു മാന്ത്രികപ്പെട്ടിയെ നിർമ്മിച്ചെടുത്ത് പരീക്ഷിച്ചുനോക്കിയത് ആ വർഷത്തിലായിരുന്നു. ആ മാന്ത്രികപ്പെട്ടി വൻവിജയമായി. ഐ.ടി യുടെ മുഖച്ഛായ മാറ്റിയ, ഐ.ടി യ്ക്ക് പുതിയൊരു മാനം കെട്ടിപ്പടുത്ത ആ മാന്ത്രികപ്പെട്ടിയ്ക്ക് അവർ ഒരു ഓമനപ്പേര് നൽകി.

'കമ്പ്യൂട്ടർ'

അതെ, അതായിരുന്നു നാം ഇന്ന് കാണുന്ന കമ്പ്യൂട്ടറിന്റെ തുടക്കം .അന്നുതൊട്ട് മഹാനായ ചാൾസ് ബാബേജ് 'കമ്പ്യൂട്ടറിന്റെ പിതാവ് 'എന്നും 'ആധുനിക കമ്പ്യൂട്ടർ സയൻസിൻെപിതാവ് ' എന്നും അറിയപ്പെടാൻ തുടങ്ങി.

ഐ.ടിയ്ക്ക് പുതിയ മുഖച്ഛായ ഉണ്ടാക്കിയ കമ്പ്യൂട്ടർ അന്നും ഇന്നും ഒരുപോലെ അല്ലായിരുന്നു. അന്ന്തൊട്ട് ഇന്നുവരെ കമ്പ്യൂട്ടറുകൾ മാറിക്കൊണ്ടിരുന്നു. അവർ കമ്പ്യൂട്ടറുകളെ തലമുറകളാക്കിതിരിച്ചു. കമ്പ്യൂട്ടറിനകത്ത് ചേർക്കപ്പെടുന്ന ഓരോ അധികസംവിധാനങ്ങൾക്കനുസരിച്ച്

തലമുറകൾ മാറിക്കൊണ്ടിരിക്കുന്നു. ഇന്നത് അഞ്ചാം തലമുറയിലും ആറാം തലമുറയിലും എത്തിനിൽക്കുന്നു. കമ്പ്യൂട്ടന്റെ രൂപത്തിലും ഉണ്ടായി മാറ്റങ്ങൾ. പൂർണ്ണമായും പ്രവർത്തനസജ്ജമായ കമ്പ്യൂട്ടറെന്ന് പ്രശസ്തി നേടിയ കമ്പ്യൂട്ടറായ 'ഇനിയാക്ക്'-ന് ഏകദേശം ഒരു വലിയ മുറിയുടെ ഒരു വശത്തെ ചുമരിന്റെ വലിപ്പം ഉണ്ടായിരുന്നത്രേ. 1946 -ൽ പ്രവർത്തനം തുടങ്ങിയ 'ഇനിയാക്കി'ന്റെ നിർമാതാക്കൾ പ്രെസപർ എക്കോർട്ടും ജോൺ മൗല്ലിയും ആയിരുന്നു. കാലന്തരത്തിൽ എനിയാക്കിന് നിരന്തരമാറ്റങ്ങൾ സംഭവിച്ച് നാം ഇന്ന് കാണുന്ന ഏസർ പോലുള്ള പോർട്ടബിൾ കമ്പ്യൂട്ടറിന്റെയും ലാപ്പ് - ടോപ്പുകളുടെയും രൂപത്തിലെത്തി . ഒടുവിൽ ഇന്നത് 0.3 മില്ലീമീറ്റർ മാത്രം വലിപ്പമുള്ള 'മിഷിഗൺ മൈക്രോമോട്ട്' എന്ന നാനോ കമ്പ്യൂട്ടറിന്റെ രൂപത്തിലെത്തിയിരിക്കുന്നു.


കമ്പ്യൂട്ടറുകളുടെ തുടക്കത്തോടെ ഐ.ടി വികാസം പ്രാപിച്ചുതുടങ്ങിയെങ്കിലും അത് ഉഗ്രരൂപംപ്രാപിക്കാൻ തുടങ്ങിയത് വിന്റൺ സർഫ് എന്ന ശാസ്ത്രജ്ഞൻ ചില പൊടിക്കൈകൾ അതിലേക്ക് ചേർത്തതോടെയാണ് . ആ പൊടിക്കൈ അന്ന് ആർപാനെറ്റ് എന്നറിയപ്പെട്ടെങ്കിലും ഇന്ന് നാം ഏറെ കേൾക്കാറുള്ള ഇന്റർനെറ്റിന്റെ രൂപത്തിലേക്ക് അത് എത്തിയിരിക്കിന്നു.

കമ്പ്യൂട്ടറുകളും ഇന്റർനെറ്റും ഇന്ന് ഒരേ നാണയത്തിന്റെ ഇരു വശങ്ങൾ പോലെ ബന്ധപ്പെട്ടിരിക്കുന്നു. പണം നമ്മുടെ ജീവിതം സുഗമമാക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നു. അതുപോലെ തന്നെ നമ്മുടെ ജീവിതം സുഗമമാക്കാൻ വേണ്ടി ഉപയേഗിക്കുന്ന വിദ്യകളാണ് നാണയത്തുട്ടിന്റെ ഇരുവശങ്ങൾ പോലെ വർത്തിക്കുന്ന കംപ്യൂട്ടറും ഇന്റർനെറ്റും. ലോകം ഈ നാണയത്തുട്ടുകളാൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ആ ലോകത്ത് വസിക്കുന്ന നാം ഒരിക്കലും പിന്നോട്ടേക്കാവരുത്.

വരൂ.... കംപ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും കൈപിടിച്ച് നമുക്കും ഈ ലോകത്തോടൊപ്പം മുന്നേറാം.

-നിവേദ് സി സുരേഷ്

IX B



ചാൾസ് ബാബേജ്

വര : അദീബ് ഡി ബാബു

IX A

# GOVT. HIGHER SECONDARY SCHOOL,MUNDERI

## *LITTLE KITE Cadets 2018-19*

1) ആദിൽ കെ
2)ആദിത്യ എം
3)അംജദ് അലി പി
4)അനഘ എ പി
5)അനാമിക കെ കെ
6)ആനന്ദ് കെ
7)അർജ്ജുൻ പി
8)ആര്യ ഇ വി
9)അശ്മിത കെ
10)ആതിര ഇ
11)അതുൽ ബി
12)ഫമ്ന സുൽത്താന
13)ഫസ്ന സി പി
14)ഫാത്തിമ സുലിൻ
15)ഫിദ ഫാത്തിമ ഇ
16)ഹാഫില കെ സി
17)മുഹമ്മദ് ഹാദി ഹസ്സൻ
18)മുഹമ്മദ് നിഹാൽ എം
19)നവനീത് വേണുഗോപാൽ
20)നിവേദ് സി സുരേഷ്
21)പ്രണവ് ടി
22)റഹീസ ടി
23)റസീൽ കെ
24)സ്നേഹ രവി

25)ശ്രീസുനജ് എ
26)വിസ്മയ മധുസൂദനൻ
27)വൈഷ്ണവ് ടി
28)യദുപ്രിയ കെ

*കൈറ്റ് മാസ്റ്റർ : എസ് പി മധുസൂദനൻ*
*കൈറ്റ് മിസ്ട്രസ്: സിന്ധു എം വി*



# ഞാൻ

***കവിത***

*ഞാനൊരു കിളിയായിരുന്നെങ്കിലോ*
*ഇന്നെന്റെ ചിറകുകൾ*
*വാനിലുയർന്ന് പറന്നേനെ*
*ഞാനൊരു പട്ടമായിരുന്നെങ്കിലോ*
*ആരെങ്കിലും എന്നെ പറത്തിവിട്ടേനെ*
*ഞാനൊരു വടവൃക്ഷമായിരുന്നെങ്കിലോ*
*ഇന്നെന്റെ വേരുകൾ*
*മണ്ണിൽ പടർന്നേനെ*
*എന്റെ ചില്ലയിൽ*
*ഇലകൾ തളിരിട്ടേനെ*
*ഇന്നിവരെന്റെ ചിറകുകൾ അരിഞ്ഞുമാറ്റി*
*ഇന്നിവരെന്റെ നൂലുകൾ അറുത്തുമാറ്റി*
*ഇന്നിവരെന്റെ വേരുകൾ അടർത്തിമാറ്റി*
*ഇന്നിവരെന്റെ ചില്ലകൾ വെട്ടിമാറ്റി*

*എന്തുകൊണ്ട്*
*എന്തുകൊണ്ടവരിങ്ങനെ ചെയ്തിടുന്നു*
*എന്നു ഞാൻ ചോദിച്ചു*
*ഉറക്കെ ഉറക്കെ ചോദിച്ചു*
*ഉത്തരം കിട്ടി*
*അവർ പറഞ്ഞു*

*ഞാനൊരു പെൺകിളിയത്രെ*
*ഞാനൊരു പെൺപട്ടമത്രെ*
*ഞാനൊരു പെൺവൃക്ഷമത്രെ*
*ഞാനൊരു പെണ്ണത്രെ...*

# Natural calamities – cause and effect

Write-up

Nature is a mixture of many natural calamities . Since the natural calamities are caused by nature , they create great tremors many living creature on the Earth.

Natural calamities are caused by the themselves and the activities of the human beings . In nature they were different types of calamities such as earth quake, soil erosion, flood, cyclones, volcanic eruption ,tsunami,drought,etc... By the signature of time the Earth undergoes plate movement by displacement and faults. As a result of the plate movement it from different plate margins the cause for this is the Lithospheric plate movement

The Lithospheric plates are situated above the



aesthenosphere . Here, magma situated under the plates. Magmas was a rock-molten remains ion a semi-plastic state. It comes out through the gap formed by the actions of plate margins . Convergent margin , divergent margins and transform margin . Plates move apart from each other is termed as Divergent margin. The movement of plates towards each other is termed as Convergent margins. Under such situation fold mountains and Mid-

Atlantic mountains are formed . Rocks in the deeper interior part of the Earth remain molten and undergoes displacement and Falk . Under such situation severe pressure is exerted on the surface of the Earth . Seismic waves are created by them are termed as earth quake . This is caused by volcanic eruptions pressure in reservoirs etc. This exploitations by human beings are large scale effect of many destructions.

Rain is formed by the condensation of clouds formed by evaporation . If the amount of rain water increases , it many obstruct the water holding capacity of the Earth , it causes flood. The surface of the Earth was fully sank by water .All creature and living things will wet . The water holding capacity was blocked by the activities of human beings by throwing plastic wastes and the large scale use of chemical fertilizers it destruct the capacity the land will surround by the water is termed as flood respectively . It cause the destruction of cultivation and many sectors people may lost their shelters food and livelihood they lose the balance in between them

Our Kerala is an example for flood facing state. In the monsoon season, Kerala faced many problems by flood. People lost their whole things.

In Chile, there occurred a big earthquake. It shows that 9.5 is the energy measured by the ricter scale that measure the intensity of the energy released during the earthquake.

Nature is exploited by Human beings in many way. By pollution, the atmosphere become polluted and lost the fresh air.

After the affect of flood, another calamity is drought. Drought is formed by the extra heat produced by the sun rays. As sun burns, drought affect very rigorously. The availability of water decreases. All water resources will dry and plants and trees also wet due to the descending dryness.

Sand mining from river is another cause by man. As a result, it increase the pits in river.

Social erosion is formed by the deforestation. As deforestation takes place, the soil in the earth get permeability and lost the existence. This is because that we prefer afforestation. As

afforestation the roots connect small soil particle and prevent soil erosion respectively.

Today our nature is facing many causes of nature by the invasions of Human beings, to get a pollution free nature, man should give respect to not only nature but also with our earth.

- Niha  Renukumar
X D

# പ്രശ്നോത്തരി

1 ഈ ചെറു കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിവിധ കമ്പ്യൂട്ടർ പ്രോഗ്രാമുകൾ തയ്യാറാക്കാൻ കഴിയും. ഒരു ക്രെഡിറ്റ് കാർഡിന്റെ വലുപ്പമുള്ള കമ്പ്യൂട്ടറിന്റെ പേര് ?

2 ഇന്റർനെറ്റിന്റെ പിതാവ് ?

3 TC (ചിപ്പുകൾ )ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മൂലകം ?

4 WWW(world wide web) എന്ന ആശയം ഏതു വർഷമാണ് പ്രാബല്യത്തിൽ വന്നത് ?

5 പരിസ്ഥിതിസൗഹൃദപരമായി രീതിയിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും ഉപയോഗവും അതിനോടൊപ്പം ഉപയോഗശൂന്യമായ വസ്തുക്കളുടെ സംസ്കരണവും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനെ എന്തു പറയുന്നു ?

6 കൃത്രിമബുദ്ധി സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച യന്ത്രമനുഷ്യനാണ് സോഫിയ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോർട്ടാണിത്.രാജ്യംഏത്?

7 ജപ്പാനിലെ പ്രമുഖ വാഹനനിർമ്മാതാക്കളായ ഹോണ്ട കമ്പനി നിർമ്മിച്ച യന്ത്രമനുഷ്യനാണ് ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഹ്യൂമനോയിഡ് റോബോർട്ട് . ഇതിന്റെ പേരെന്ത്?

8 മൗസ് ഉപയോഗിക്കാൻ ഒരു കമ്പ്യൂട്ടറിൽ വേണ്ട സോഫ്റ്റവെയർ ?

9 ഉടമസ്ഥന്റെ അനുമതി ഇല്ലാതെ കമ്പ്യൂട്ടർ പ്രോഗ്രാം കോപ്പി ചെയ്യുന്നതിന് പറയുന്നതിന് പേര് ?

10 ആദ്യത്തെ പോക്കറ്റ് കമ്പ്യൂട്ടർ ?

11 Browser ഉപയോഗിച്ച് ഇന്റർനെറ്റിൽ വിവരങ്ങൾ തിരയുന്നതിന് പറയുന്ന പേര് ?

12 ഇന്റർനെറ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന സംഘടന ?

13 ആദ്യത്തെ കമ്പ്യൂട്ടർ ഗെയിം ഏത് ?

14 ഏത് ആൽജിബ്രയുടെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടർ ക്രിയ ചെയ്യുന്നത് ?

15 മലയാളത്തിലെ ആദ്യത്തെ ഇന്റർനെറ്റ് മാസിക ഏത് ?

16 ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ ഏത് ?

17 ഇന്റർനെറ്റ് ശൃംഖല ആദ്യമായി തുടങ്ങിയ രാജ്യം ഏത് ?

18 window software ഡെവലപ്പ് ചെയ്യുന്ന കമ്പനി ഏത് ?

19 ഒരു പ്രവൃത്തി നടക്കവാൻ കമ്പ്യൂട്ടറിൽ നൽകുന്ന നിർദ്ദേശം?

20 കമ്പ്യൂട്ടർ രഹസ്യങ്ങൾ തകർത്ത് മറ്റുള്ളവരുടെ വിവരങ്ങൾ കണ്ടുപിടിക്കുന്നവരെ അറിയപ്പെടുന്നത് ?

21 ഇന്ത്യയിൽ ആദ്യമായി പമ്പ്യൂട്ടർ സ്ഥാപിച്ച സ്ഥാപനം ?

22 കമ്പ്യൂട്ടർ ഗെയിംസിന് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ ഭാഷ ?

23 മെഷീൻ ലാഗ്വേജിൽ ഉപയോഗിക്കുന്ന രണ്ട് സംഖ്യകൾ ?

24 വ്യാവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കപ്പെട്ട ആദ്യ കമ്പ്യൂട്ടർ ?


25 കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?

# <u>ഉത്തരങ്ങൾ</u>

*1. റാസ്ബെറിപൈ*
*2 വിന്റ് സെർഫ്*
*3 സിലിക്കൺ*
*4 1990*
*5 ഗ്രീൻ കമ്പ്യൂട്ടിങ്*
*6 സൗദി അറേബ്യ*
*7 അസിമൊ*
*8 മൗസ് ഡ്രൈവർ*
*9 സോഫ്റ്റവെയർ പൈറസി*
*10 Sharp Pc 1211*
*11 സർഫിങ്*
*12 ഇന്റർനെറ്റ് സൊസൈറ്റി*
*13 സ്പെയിസ് വാർ*
*14 ബൂളിയൻ ആൽജിബ്ര*
*15 പുഴ .കോം*
*16 പരം*
*17 അമേരിക്ക*
*18 മൈക്രോസോഫ്റ്റ്*
*19 ഇൻസ്ട്രാക്ഷൻ*



*റാസ്ബെറി പൈ*




*വിന്റ് സെർഫ്*

*20 ഹാക്കർ*

*21 ഇന്ത്യൻ സ്റ്റാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്*

*22 ലോഗോ*

*23 0,1*

*24 യൂണിവാക്ക്*

*25 അലൻ ട്യൂറിങ്*



*സോഫിയ*

# *മാതൃഭാഷ*

**മോണോ ആക്ട്**

മാതൃഭാഷയുടെ മഹത്വത്തെപ്പറ്റി മഹാകവി വള്ളത്തോൾ പാടിയതിങ്ങനെയാണ്:

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നുപെറ്റമ്മ തൻ ഭാഷതാൻ
മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ "

അതേ, പെറ്റമ്മയുടെ മുലപ്പാലിനൊപ്പം രക്തത്തിൽ പകർന്നുകിട്ടിയതാണ് മാതൃഭാഷ. അത് പൈതൃകമാണ്....സംസ്കാരമാണ്....ആർജ്ജിത സിദ്ധിയുടെ അടയാളമാണ്.

സദസ്യരേ...ഈ ഏകാംഗാഭിനയത്തിന് എനിക്ക് പ്രേരണയായത് യുവ കഥാകൃത്തായ ശ്രീ വിനോയ് തോമസിന്റെ "കുട്ടിക്കുറുക്കത്തിക്കുർ കുർ"എന്ന ചെറുകതഥയാണ്. നാട്ടിൻ പുറത്തുനിന്ന് നഗരത്തിലേക്ക് ചേക്കേറപ്പെടുമ്പോൾ നമുക്ക് കൈമോശം വരുന്ന നമ്മുടെ സ്വന്തം ഭാഷയെയോർത്ത്....സ്വന്തം സംസ്കാരത്തെയോർത്ത് ഉയരുന്ന നിശ്ശബ്ദമായ നിലവിളി നിങ്ങൾ കേൾക്കുന്നില്ലേ....

അതിലേക്ക് അല്പനേരം.

[വളരെക്കാലം മുമ്പുതന്നെ തിരുവിതാംകൂരിൽ നിന്ന് വടക്കേമലബാറിൽ കുടിയേറിവന്ന ക്രിസ്തീയ കർഷകകുടുംബം.നന്നേ വൃദ്ധയായ കൊച്ചു തെയ്യാവല്ല്യമ്മച്ചിയും വാർദ്ധക്യമടുത്തുതുടങ്ങിയ മകൻ മോനിച്ചനും തമ്മിലുള്ള സംഭാഷണം.]

മോനിച്ചൻ : അല്ലമ്മച്ചി എന്നാത്തിനാ ഈ വയസ്സാം കാലത്ത് കണ്ണീക്കണ്ടതിനോടെല്ലാം
ചെലച്ചോണ്ടിങ്ങനെ നടക്കുന്നേ. ഇതിപ്പം കൊറേ നേരായല്ലോ ആ
പെടച്ചിത്തെങ്ങിന്റെ മെരട്ടേല് നിന്ന് സ്വകാര്യം പറച്ചില് . എന്നാ എടപാടാ
അമ്മച്ചി ??

കൊച്ചുതെയ്യാവല്യമ്മച്ചി : "എടാ മോനിച്ചാ... പെടച്ചിത്തെങ്ങിനോട് മാത്രമല്ലാ...ഞാന് കാടിനോട്ടും
കല്ലിനോട്ടും പറയും... നിനക്കെന്താടാ ചേതം..പോടാ ഏഴാം കരിന്തലേ."

[പെടച്ചിത്തെങ്ങിനെ നോക്കിക്കൊണ്ട് അല്പം ഉറക്കേ നാടകീയമായി]

" പൊന്നു മോളേ... ഈ ഞാന് എന്റെ ഈ ചെറുക്കൻ മോനിച്ചൻ,
അവന്റെ കെട്ട്യോള് മെക്കിട്ടുകേറി അച്ചാമ്മ , അവളുടെ മക്കള് ആ
സിനീം സാജ്ജും... പിന്നെ പൂച്ചേം പട്ടീം... ഇത്രേം ആളുകള് താമസി-
ക്കുന്ന പൊരയാണിത്.ഇതിന്റെ മേളിലേക്ക് നീ വളഞ്ഞ് കുത്തി
നിന്നേച്ചിട്ട് വല്ല കാറ്റും വന്നു പെടന്നുപോയാ എന്നാ സംഭവിക്കുകാന്ന്
നെനക്കറിയാമ്പാടില്ലേലും എനക്കറിയാം.... ഞാൻ കൊറേ ലോകം
കണ്ടതാ...മാളിനി പെരേടെ എതാരുവശത്തേക്ക്,അതായത്കെഴക്കോട്ടേ-
ക്ക് നോക്കിപൊങ്ങണം കേട്ടോ!"

"ഓ....അതാണല്ലേ ആ കലയമരത്തിന്റെ എലേം കൊമ്പും മുഴ്വോൻ ഇന്റെ

മണ്ടയ്ക്കക്കാണല്ലേ..."

(മോനിച്ചനോടായി)

“അവക്കിത്തിരി കാറ്റും വെളിച്ചോം

വേണോംന്ന്.അതിന്റേം മേളിലെത്തിയാ

പിന്നെ കെഴക്കോട്ട് നോക്കി വളർന്നോളാന്ന്.”

(പിന്നെ തെങ്ങിനോടായി)

“എടീ ....ഒന്നാമത് നീ കൊലച്ച് കായ്ക്കണ്ട ഒരു പെണ്ണാണ്.

പിന്നെ ഒറ്റാന്തടീം

...അവന് ശല്യമുണ്ടാക്കാതെ നീയങ്ങ്

പോയ്ക്കോളല്ലേ...പിന്നെ അവനെന്നാ-

ത്തിനാ കേട് ?”

മോനിച്ചൻ : “ഈ അമ്മച്ചിക്കാ കേട്!! അമ്മച്ചി അങ്ങ് പറഞ്ഞാൽ മരങ്ങളും

ചെടികളും അങ്ങ്

അനുസരിച്ചോളുമത്രേ...!!

അമ്മച്ചിക്ക് നട്ടപ്പെരാന്താണെന്നാണ് നാട്ടോരു മുഴുവൻ

പറേന്നത്..”(പിന്നെ

സദസ്യരോടായി)

"കാര്യം പ്രാന്തൊക്കെയാ... നാണേലും ഈ ചെടികളും

മരങ്ങളുമൊക്കെ അമ്മച്ചി

പറയുന്നത് കേക്കും ട്ടാ....ദാ... (ആശ്ചര്യഭാവത്തിൽ) ആ കാണുന്ന

പത്തു പന്ത്രണ്ട്

വയസ്സുള്ള കോമാവ് കായ്ക്കാൻ തൊടങ്ങിയതെപ്പോഴാ?? അമ്മച്ചീടെ

നല്ല കരപ്പന്തെറി

പറഞ്ഞപ്പോഴാ...പിന്നെ ആ കുല കെട്ടികായ്ക്കുന്ന ചാമ്പയുണ്ടല്ലോ..

അവളുടെ പഴത്തിന്

വെറും വെള്ളച്ചൊവയാർന്നു.... അമ്മച്ചി ഒരു ദിവസം സന്ധ്യയ്ക്ക്

ഓൾടെ ചുവട്ടില് പോയി

എന്തോ ആംഗ്യം കാണിക്കോം പറയേം ചെയ്തു. പിറ്റേ മാസംതൊട്ട്

കായിച്ച പഴങ്ങൾ-

ക്കെല്ലാം കരിപ്പെട്ടീപ്പോലത്തെ മധുരം!!

[പൂർണ്ണ ഗർഭിണിയായ ബിനി(മോനിച്ചന്റെ മകൾ)കടന്നു വരുന്നു. വല്ലാതെ വിവശത
അനുഭവപ്പെടുന്ന രൂപം.]

ബിനി : വല്ല്യമ്മച്ചിയും അപ്പച്ചനും ഒന്നിങ്ങ് വന്നേ...വയ്യമ്മച്ചീ...എനിക്കിത്തിരി നോവ് തോന്നി-
തുടങ്ങി...നമുക്ക് ആശുപത്രിയിൽ പോകാം...നീം കാത്താ വണ്ടിയൊന്നും വിളിച്ചാ
വരികേലാ...
(വയർ അമർത്തിക്കരയുന്നു..)

അമ്മച്ചി :(സിനിമോളോടായി) "എടീ കൊച്ചേ..എന്നാത്തിനാ നീ പേടിക്കുന്നേ. നിന്റെ വയറ്റേല്
ന്റെ കൊച്ചുമോൻ കുട്ടൂസനാ!! കുട്ടൂസാന്ന് വിളിച്ചിട്ട് വേണം എനിക്കൊന്ന് കണ്ണടയ്ക്കാൻ.
എന്നിട്ടേ കർത്താവിനോട് ന്നെ വിളിക്കാവൂന്ന് ഞാൻ പറഞ്ഞേല്പിച്ചിട്ടുണ്ടെടീ....നീ
ധൈര്യായിട്ട് പോയേച്ചും വാ.. നിന്റെ മാഹിക്കാരി അമ്മായിയമ്മേം അപ്പനേയും ക്യാ-
നഡയിലുള്ള ലിസ്റ്റിൻ ഡിക്രൂസയേയും വേഗം വിളിച്ച് പറഞ്ഞോ...ന്റെ കുട്ടൂസൻ
വരാറായീന്ന്....

[ക്യാനഡയിൽ തിരിച്ചുപോവാൻ തയ്യാറെടുത്തു നില്ക്കുന്ന ലിസ്റ്റിനും ബിനിയും കുട്ടൂസും.]

ലിസ്റ്റിന്റെ അച്ഛൻ ഡിക്രൂസ് : "മോനേ ലിസ്റ്റിൻ..നിന്റെ അപ്പൻ ഈ ഡിക്രൂസിന് എല്ലാ കടലിലും
കറങ്ങിനടക്കുന്ന കപ്പൽ ജോലിയായിരുന്നു...എത്രയെത്ര രാജ്യങ്ങൾ...
എത്രയെത്ര ഭാഷകൾ...ഒന്നും നമ്മുടെ ഫ്രാൻസിനോളം വരികേലാ...

ഫ്രഞ്ചിനോടെനിക്ക് മലയാളത്തക്കാൾ
സ്നേഹമുണ്ട്.അതാ എന്റെ മൂന്ന്
മക്കളേയും ഞാൻ ഫ്രഞ്ച് പഠിപ്പിച്ചതും മാഹീല്
താമസമാക്കിയതും.ന്റെ
മക്കള് ആശയും കീശയുമടക്കി കേരളത്തിൽ കിടന്ന്
നരകിക്കരുത്...
അവർ രാജ്യാന്തരന്മാരായി വളരണം...അതിന്
ആദ്യം വേണ്ടത്ഏത്
വല്ല്യ പൊറമാണ്ടന്റെയും നേരെ നിന്ന് അവന്റെ
ഭാഷയിൽ നാലെണ്ണം
പറയാൻ പഠിക്കുക എന്നതാണ്....നമ്മുടെ ഭാഷ
പറയുന്ന പുറമേക്കാ-
രനോട് ആർക്കും അറിയാതെ ഒരു ബഹുമാനം
ഉണ്ടായിപ്പോകും.
ലിസ്റ്റിൻ!! നിനക്ക് ക്യാനഡയിൽ ഫ്രഞ്ച്
കമ്പനീല് ജോലി കിട്ടിയ-
തിന്റെ മുഴുവൻ മിടുക്ക് നിന്റെ ഫ്രഞ്ചിലുള്ള
കഴിവാണെന്ന് മറക്കേണ്ട...
നിന്റെ മോൻ കുട്ടൂസനേം നീ വേഗം ഫ്രഞ്ച്
പഠിപ്പിച്ചോളൂ..അവൻ മിടു-
ക്കനാ...ആട്ടെ ഇനി എപ്പഴാ നാട്ടില് നിങ്ങൾ
തിരിച്ച് വരിക? അപ്പഴേ-
ക്കും ഈ അപ്പച്ചനുണ്ടാകുമോടാ....."

(ക്യാനഡയിൽ നിന്നും. പരിഭ്രാന്തിയോടെ സംസാരിക്കുന്ന ബിനിയും ലിസ്റ്റിനും)

ബിനി : ലിസ്റ്റിൻ ഇന്ന്....മോന്റെ ഡേ കെയർ സെന്ററിൽനിന്നും മിസ്സ് എന്നെ വിളിച്ചിരുന്നു..മൂന്നു
വയസ്സ് പ്രായമായിട്ടും നമ്മുടെ കുട്ടൂസ് ഒന്നും സംസാരിച്ചുതുടങ്ങീലത്രേ..

(വിതുമ്പിക്കൊണ്ട്)

ഒന്നും...

(കൈകൾ രണ്ടും തലയിൽ വച്ച് കൊണ്ട്കുറ്റബോധത്തോടെ)

തിരക്കുകൾക്കിടയിൽ...നമ്മൾ രണ്ടുപേരും...അവനെ കാര്യായിട്ട് ശ്രദ്ധിച്ചില്ലല്ലോ,

ദൈവമേ.... (കരയുന്നു)

ലിസ്സിൻ : (കുറ്റബോധത്തോടെ)ബിനീ...ഒക്കെ എന്റെയും കൂടി തെറ്റാണ്...ഈ മോണ്ടിയലിൽ

താമസമാക്കിയതിൽ പിന്നെ ഞാനും ഏതോ ഒരു ലോകത്തായിരുന്നു. ഒക്കെ വെട്ടിപ്പിടി-

ക്കണംന്ന് മാത്രമായിരുന്നു ചിന്ത!! ടവറുകൾ ഉയരങ്ങളിലേക്ക് വളർത്തുന്ന തെരക്കിൽ

എന്റെ മകനെ ഞാൻ....തോറ്റുപോയി....

ബിനി :(കരഞ്ഞുകൊണ്ട്)നമുക്കൊരു ഡോക്ടറെ കാണാം...മോനേം കൊണ്ട്...

ഡോക്ടർ :(രണ്ടുപേരോടുമായി ഗൗരവത്തിൽ) കുട്ടസന് പ്രത്യേകിച്ച് ഒരു കുഴപ്പവുമില്ല.നിങ്ങള്

എഞ്ചിനീയർമാരുടെ ഭാഷയിൽത്തന്നെ പറയാം.അടിത്തറ കെട്ടാനൊരുങ്ങുന്ന നിങ്ങൾക്ക്

കിട്ടുന്നത് പലതരം വസ്തുക്കളാണെന്ന് കരുതുക.കരിങ്കല്ല്,ചെങ്കല്ല്,സിമന്റുകട്ട,ഇഷ്ടിക....

ഇങ്ങനെ പലതും....എല്ലാം കുറച്ചുകുറച്ചുമാത്രം.നിങ്ങളെന്തുചെയ്യും? പോടാ പുല്ലേ...ഞാനീ

കോപ്പ് പണിയുന്നില്ലെന്നുപറയും.അതാണിവിടെ സംഭവിച്ചത്.പലതരം കല്ലുകൾ,ഇംഗ്ലീഷ്,

ഫ്രഞ്ച്,മലയാളം,ഫിലിപ്പെൻ,സ്പാനിഷ്....അവനെന്തുചെയ്യും?

ഇനി നമ്മള് ആദ്യം അവന്റെ മാതൃഭാഷഏതെന്ന് തീരുമാനിക്കണം.പിന്നെ ആ ഭാഷയിൽ

അവനോട് സംസാരിക്കണം..ആ ഭാഷയിൽ മാത്രം!!

ബിനി :(വെളിപാട് വന്ന മട്ടിൽ) “ലിസ്റ്റിൻ ഞാൻ തിരിച്ചുപോകും...ന്റെ നാട്ടിലേക്ക്...ന്റെ വെള്ള-

റയിലേക്ക് ...അവിടെ...അവിടെ അവൻമലയാളം പഠിക്കട്ടെ...അതാണ് നമ്മുടെ ഭാഷ.”

(വൈകാരികസ്വരത്തിൽ സദസ്യരോടായി)

“ന്റെ മനസ്സ് മുഴുവൻ കൊച്ചുതെയ്യ വല്ല്യമ്മച്ചിയാ...അവനെ കുട്ടൂസാന്ന് പേരെടുത്തു വിളിച്ച

ന്റെ വല്ല്യമ്മച്ചി...തൊട്ടിലിൽ കൂക്കുന്ന കൊച്ചുങ്ങളുടെ വയരിൽ അമ്മച്ചി ചുണ്ട് ചേർത്ത്

ബർർ...ന്ന് ഒച്ച വയ്ക്കും..കുഞ്ഞുങ്ങളെ പൊക്കിയെടുത്ത് കു കു കു ന്ന് കോക്രി കാണിക്കും..

അവരെ കിടത്തിയുംനടത്തിയും പാട്ട് പാടിയും..ഗദ്ഗദത്തോടെ..തുടരാനാവാതെ

നിർത്തുന്നു..(എല്ലാം തീരുമാനിച്ച സ്വരത്തിൽ)നാട്ടിലേക്ക് ഇപ്പോത്തന്നെ തിരിച്ചു-

പോകും.ലിസ്റ്റിൻ ഒന്നും പറയണ്ട.നമുക്ക് നമ്മുടെ മോനാ വലുത്...നമ്മുടെ നാടാ നമുക്ക

വലുത്...അവനെ നമുക്ക നമ്മുടെ അംഗനവാടീല് ചേർത്താമതി ലിസ്റ്റിൻ..മലയാളത്തില്

ചിരിക്കേം കൊഞ്ചേം ചെയ്യുന്ന കുട്ടികളുടെ ഒപ്പം വളർന്നാമതി...കരയുന്നു...”

അതേ....

"മലയാളമാണ്എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നേ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്

എന്റെ അമ്മയുടെ തലോടലും

ശാസനയുമാണ്.....

ഏത് നാട്ടിലാണെങ്കിലും ഞാൻ

സ്വപ്നം കാണുന്നത്എന്റെ ഭാ,യിലാണ്...

എന്റെ ഭാഷ ഞാൻ തന്നെയാണ്."

പ്രതിജ്ഞയ്ക്കുവേണ്ടി നമുക്കെല്ലാവർക്കും കൈകോർക്കാം.ക്കുപ്പുകൈ..

- നിത്യ പി

# ഗുരുനാഥൻ

കവിത

ഒരു അഗ്നിയ്ക്കും ചാമ്പലാ-
ക്കാനാകില്ല , ഒരു വായുവിനും
പറത്താനാകില്ല , എൻഹൃത്തിൽ
നിന്നെൻ പ്രിയഗുരുവിൻ രൂപം
സരസ്വതീ ക്ഷേത്രമാം വിദ്യാലയ
ത്തിൽ നിന്നും കഥകളിഭാവത്തിൽ
വേദങ്ങളോതും പോലെ പാഠങ്ങ
ളോതിത്തരും എൻ ഗുരുനാഥൻ
പിടിവിടാതെ രോഗം കാലഗുളി-
കനായി പിന്തുടർന്ന് നീറ്റി, നീറ്റി
ചുടലയിൽ സ്വമായസ്തമിക്കും വരെ
കൈലാസനാഥൻ തൻ തിരുമാറിലെസ്വതുല്ല്യ
മായി നിത്യശാന്തിയടങ്ങിയോൻ
ഇന്നും ഞാനോർക്കുന്നെ എൻ
ഗുരുവിൻ വായനാമുറിയിലെ സ്ഥാനവും
നാടൻ മാവിൻ ചുവടും ചിരിയും
*മൊഴികളും.*

*-അശ്വന്ത് കെ*

# केरल की बाढ

कविता

*बादल बहुत बरस लिए थे*
*फिर भी बहुत सारो पानी*
*उनमें बची थी*
*वऱ्ष नहीं रूका. . . . . . . .*
*पानी भरकर केरल में बाद हुआ*
*मकान और घरों*
*पानी के बीच में आया*
*बहुत सारे लॉग मर गए*
*उनके वस्तृ उपकरण सब कुछ*
*बहने लगे*
*लोगो की रक्षा के लिए*
*वे आ गए हैं*
*धीरजवान आ गए है*
*जवान एक एक लोग को*
*रक्षा करने लगा*
*बाद में बंद होगए लोगों की*
*रक्षा करलिऍ जवान*
*लोगों की दुरिदाश्वास की*
*कैंप में ले गये*

*उस लोगों की अवस्था बहुत*

*दुरितपूरण हैं*

*बाकी लोगों ने बाद में*

*बंद होगए लोगों की*

*सहायता करने लगा*

*पर तब भी बारिश*

*बरस लिए थे*

*बाद में केरल डूबने लगे*

*हम भगवान से दुआ कर ले*

*एक नया केरल हमको*

*शुरु कर दे.*

*- जिष्ला  कॅ पि*

# സ്വപ്നങ്ങളെക്കാത്ത്

**കവിത**

കാലങ്ങൾ ഓരോന്നായി
മാറുന്ന നേരവും മായുന്നില്ലീ
മനസ്സിലെ വിഭ്രാന്തി
നേരങ്ങൾ ഒക്കെയും
മിന്നാമിനുങ്ങുപോൽ
ചിന്നിമായുന്നുണ്ടെങ്കിലും
മിന്നാമിനുങ്ങുപോൽ
മിന്നാൻ കഴിഞ്ഞീല്ല
നാളെ നാളെ എന്നു
പറഞ്ഞ് ഭാഗ്യക്കുറിയെപോൽ
ഞാനും നീയും
കാത്തിരിക്കാതെ നേരത്തെ
വേണ്ടെന്ന വാക്കൊന്നു
കേൾക്കാത്ത കാലന്റെ
എനിക്കും നിനക്കും
സമ്മാനിക്കുമൊരിക്കൽ
നിരാശ കൊയ്യും
സ്വപ്നത്തെ........

ഫിദ ഫാത്തിമ ഇ

## വിഷയം : "പേമാരിയിൽ പൊലിഞ്ഞുവോ? വെളിച്ചം അരികിലുണ്ട്."

കഥ

# "പ്രതീക്ഷയുടെ പൊൻ കിരണം"

ജനലഴികളിലൂടെ അകത്തലത്തിലേക്ക് കടന്നുവന്ന സൂര്യപ്രകാശം അവളുടെ കണ്ണുകളെ
വെള്ളാരം കല്ലുകൾ പോലെ തിളങ്ങുന്നതാക്കി മാറ്റി. പെട്ടെന്നായിരുന്നു ഹൃദയത്തെ നടുക്കുന്ന തരം ആ കരച്ചിൽ. അടുക്കളയിൽ നിന്നും ശരണ്യ ഓടി അകത്തേക്ക് വന്നു . കുഞ്ഞിനെ നോക്കി ഒന്നു പുഞ്ചിരിച്ച് അവളുടെ അരികിൽ വന്നിരുന്ന് അവളെ എടുത്ത് മാറോടടുപ്പിച്ചു "അമ്മേടെ വാവ എന്തിനാ കരയണേ ..... അമ്മ വന്നില്ലെ അയ്യയ്യോൻപ്പ്"

ശരണ്യ അവളുടെ നെറുകയിൽ ഉമ്മ വച്ചുകൊണ്ട് പറഞ്ഞു.
അപ്പോഴാണ് കിടക്കയിൽ നനവ് പടർന്നിരിക്കുന്നത് ശരണ്യ ശ്രദ്ധിച്ചത് "എടി കള്ളത്തീ ... നീ പണി പറ്റിച്ചല്ലേ.."
അവൾ കുഞ്ഞിന്റെ വസ്ത്രം മാറ്റിയതിനുശേഷം കുഞ്ഞിനെ എടുത്ത് വീടിന്റെ പുറത്ത് വന്നു നിന്നു . ആകാശം ഒരു കാട്ടാനയുടെ ഗാംഭീര്യത്തോടെ എല്ലാം നശിപ്പിക്കാൻ എന്ന മട്ടിൽ വെമ്പി നിൽക്കുകയാണ് .

കുറച്ച് സമയത്തിനുശേഷം അകലെയായി ഒരാൾ നടന്നു വരുന്നത് കണ്ടു ശരണ്യ കുഞ്ഞിനോടായി പറഞ്ഞു "ദേ വരുന്നു നിന്റെ അച്ചൻ . ഞാൻ ആപ്പോഴേ പറഞ്ഞതാ ടൗണിലേക്ക് പോകണ്ടാന്ന് . കേട്ടില്ല . എന്നിട്ട് വരുന്നത് കണ്ടോ...... മുണ്ട് മുഴവൻ നനഞ്ഞ്.."

അയാൾ നടന്ന് നടന്ന് വീട്ടിലെത്തി . വന്നു കയറിയ ഉടൻ തന്നെ ശരണ്യ ചോദിച്ച "സുമേഷേട്ടാ ടൗണിലെ കാലാവസ്ഥയൊക്കെങ്ങെനെ. മഴയും വെള്ളവുമൊന്നുമില്ലല്ലോ അല്ലേ......"
"നീ കളിയാക്കുകയാണോ ?"സുമേഷ് ചോദിച്ച . "ഏയ് അല്ലല്ല മുണ്ട് നനഞ്ഞത് കൊണ്ട ചോദിച്ചതാ... ശരണ്യ ചെറുചിരിയോടെ പറഞ്ഞു . "നീ കരുതും പോലെ വെള്ളം കുറച്ചൊന്നുമല്ല . ഈ കാണുന്നതിന്റെ ഇരട്ടി വെള്ളമുണ്ടവിടെ . ആർക്കും നടക്കാൻ പോലും വയ്യ . ഒരു മഴകൂടി പെയതാൽ പിന്നെ വീടിന്റെ കാര്യത്തിലും തീരുമാനമാകും . ദേ കണ്ടില്ലേ ആകാശം ഇരുണ്ട് നിൽക്കുന്നത് . അതൊന്നു പെയതാപ്പിന്നെ നമ്മളെല്ലാന്നും ബാക്കി കാണത്തില്ല . എത്രയും പെട്ടന്ന് വീടു മാറണം എന്നൊക്കെയാ പറയുന്നത്."
പെട്ടെന്നായിരുന്നു പ്രകൃതിയുടെ ആ പൊട്ടി കരച്ചിൽ . തോരാത്ത ശക്തമായ മഴ. നിമിശ നേരങ്ങൾ കൊണ്ട് വീടിന്റെ പകുതിയോളം വെള്ളം കയറിയിരിക്കുന്നു. കുഞ്ഞിനെയും പ്രായമായ അമ്മയേയും കൊണ്ട് എന്ത് ചെയ്യണമെന്നറിയാതെ സുമേഷും ശരണ്യയും വീടിന്റെ മുകളിലെ ഒരു കുടുസുമുറിയിൽ.രക്ഷാപ്രവൃത്തനത്തിനായി നെട്ടോട്ടം ഓടുന്ന നാട്ടുക്കാർ , മത്സ്യ തൊഴിലാളികൾ. എത്രയോ മണിക്കൂറുകൾ പുറത്ത് എന്തുനടക്കുന്നു എന്നറിയാതെ നാലു പേരും അവിടെ മരണഭയത്താൽ വീർപ്പ് മുട്ടി നിൽക്കുന്നു. കുഞ്ഞിന്റെനിർത്താത്ത കരച്ചിൽ ശരണ്യയുടെ മനസ്സിൽ തീരാനൊമ്പരമായി മാറുന്നു . സുമേഷ് ആരെയൊക്കെയോ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. ക്ലോക്കിലെ സൂചി ഇഴഞ്ഞുനീങ്ങികൊണ്ടിരിക്കവെ ആ മുറി നിറയെ കണ്ണീരിന്റെ നനവുകൾ പടർന്നുകൊണ്ടിരുന്നു പുറത്ത് പേമാരിയുടെ ക്രൂരമായ ഞങൾക്കൊടുവിൽ മനുഷ്യശബ്ദം കേട്ടു അവിടെ,പ്രതീക്ഷയുടെ പൊൻ കിരണങ്ങൾ മുളച്ചുപൊന്തി.പ്രായമായ അമ്മയേയും കുഞ്ഞിനെയും ഒന്നു നോക്കി ശരണ്യ ചിരിക്കുവാൻ ശ്രമിച്ചു.

പിന്നെ മണിക്കൂറുകളുടെ പരിശ്രമം. വീടിന്റെ പിൻഭാഗം പൊട്ടിവീണു കഴിഞ്ഞു. വലിയ പാത്രങ്ങളിൽ ജീവൻ രക്ഷാപ്രവൃത്തകർ അവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി . തന്റെ കൈകൾക്കുള്ളിൽ മന്ദഹാസത്തോടെ കിടക്കുന്ന കുഞ്ഞിനെ വാരി പുണർന്നു കൊണ്ട് ശരണ്യ പൊട്ടികരഞ്ഞു . തന്റെ സന്തോഷങ്ങളെ മുഴുവൻ അയവിറാക്കിനിടയാക്കിയ സങ്കടങ്ങളെ ഏറ്റുമുട്ടാനിടയാക്കിയ മരണത്തിന്റെഅരികിൽ നിന്ന് രക്ഷപ്പെട്ട ആ യാതനകളുടെ നിമിഷങ്ങളെ ഓർത്തു കൊണ്ട് ശരണ്യ ആകാശത്തേക്ക് നോക്കി.

കറുത്തിരുണ്ട മേഘങ്ങൾ വഴിമാറി വെളിച്ചം കുഞ്ഞിന്റെ കണ്ണുകളെ തിളക്കമുള്ളതാക്കി പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും പൊൻ വെളിച്ചം.

അഥീന.എം.വി

# സോഫിയ

**ലേഖനം**




2016 ഫിബ്രവരി 16 ഹോങ്കോങിലെ ഹാൻസൺ റോബോട്ടിക്സ് വികസിപ്പിച്ചെടുത്ത ആർട്ടിഫിഷ്യൽ ഇന്റലിജൻസിനാൽ ലോകപ്രശസ്തമായ റോബോട്ടാണ് സോഫിയ. ഹാൻസൺ റോബോട്ടിക്സ് ഉടമയായ ഡേവിഡ് ഹാൻസൺ ആണ് സോഫിയയുടെ നിർമാതാവ്. സോഫിയയ്ക്ക് മനുഷ്യസമാനമായ ചിന്തകളും പ്രവർത്തനങ്ങളും നൽകുന്നത് 'ELIZ' എന്ന പ്രോഗ്രാമിങ് ഭാഷയാണ്. 50 ൽ പരം മുഖഭാവങ്ങൾ കാണിക്കാനും, വ്യക്തികളെ മനസിലാക്കാനും, വ്യക്തികളുടെ മുഖഭാവങ്ങൾ മനസിലാക്കി അതിനനുസരിച്ച് പ്രവർത്തിക്കാനും സോഫിയയ്ക്ക് കഴിയും . ഇതിന്റെ അനന്തര ഫലമെന്നോണം ഒരു രാജ്യത്തിന്റെ പൗരത്വം ലഭിക്കുന്ന ആദ്യ റോബോട്ട് എന്ന പ്രശസ്തി സോഫിയ നേടി. സൗദി അറേബ്യയാണ് സോഫിയയ്ക്ക് പൗരത്വം നൽകാൻ തീരുമാനിച്ച രാജ്യം .

ഇരുപതിൽ പരം അഭിമുഖങ്ങളിൽ പങ്കെടുത്ത് ലോക പ്രശസ്തമായി. ഓരോ സമയത്തും ആ സന്ദർഭത്തിനനുസരിച്ച് തീരുമാനമെടുക്കാനുള്ള കഴിവ് സോഫിയയ്ക്കുണ്ട് . നല്ല രീതിയിലുള്ള ഡ്രൈവർ കൂടിയാണ് സോഫിയ. കലാരംഗത്തുകൂടി കഴിവ് തെളിയിച്ച റോബോട്ടായ സോഫിയ ഒരു മികച്ച പോപ്പ് ഗായികയാണ്. മനുഷ്യന് സമാനമായ ആഗ്രഹങ്ങളും സോഫിയയ്ക്കുണ്ട് തന്റെ ഏറ്റവും വലിയ സ്വപ്നം ലോകം ചുറ്റി സഞ്ചരിക്കണം എന്നതാണെന്ന് സോഫിയ ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട് .അങ്ങനെ ലോക സഞ്ചാരത്തിനിടയിൽ ഒരിക്കൽ ഇന്ത്യയിലുമെത്തി. ഓരോ വിഷയത്തിലും മികച്ച ചോദ്യങ്ങൾ തയ്യാറാക്കി മറ്റുള്ളവർക്ക് മുമ്പിൽ അവതരിപ്പിക്കാനും തന്നോട് ചോദിച്ച

ചോദ്യങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകാനും സോഫിയയ്ക്ക് കഴിയും.

ഇനി വരാൻ പോകുന്ന റോബോട്ടിക്സ് യുഗത്തിന്റെ ആദ്യ പടിയെന്നോണമാണ് സോഫിയയ്ക്ക് ലഭിച്ച പൗരത്വത്തെ കണക്കാക്കുന്നു.

*-നവനീത് വേണുഗോപാൽ*

IX B



# POLLUTION

Poem



Look outside , see the trees,
Watching smoke stacks choke the sky
Always makes me want to cry;
I just can't help but wonder why;
the factories won"t even try.
To find a safer ,better way ;
to put there poisonous waste away .
Time to make people see how we're
damaging our Earth,
time to realize what it all was
truly worth. ;

Rameeza Raheem . K
VIII–E

# വിഷയം : കേരളവും പ്രകൃതി ദുരന്തവും

**ലേഖനം**

കേരസുന്ദരകേരകേദാരഭൂമി , ദൈവത്തിന്റെ സ്വന്തം നാട് കേരളത്തെ കുറിച്ച് എത്ര പറഞ്ഞാലും മതിയാവില്ല. മഞ്ഞണിമാമലകളും പൊട്ടിച്ചിരിക്കുന്ന അരുവികളും കേരളത്തിന് സ്വന്തമാണ് . ഹരിതഭംഗിയും ഭൂപ്രകൃതിയും കേരളത്തെ അതീവ സുന്ദരിയാക്കുന്നു . എന്നാൽ കേരളം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നമാണ് പ്രകൃതിദുരന്തങ്ങൾ . കേരളം തുടരെ തുടരെ പ്രകൃതി ദുരന്തങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു . 2018 എന്ന വർഷം കേരളത്തിന് പ്രളയം സമ്മാനിച്ചു . 2017 ൽ കേരളത്തിന്റെ തീരപ്രദേശങ്ങളെ വിറപ്പിച്ചു കൊണ്ട് ഓഖി ചുഴലിക്കാറ്റും . ഈ വർഷങ്ങൾ തികച്ചും കേരളജനതയ്ക്ക് അതിജീവനത്തിന്റെ നാളുകളായിരുന്നു .

ഇതിനുള്ള കാരണമെന്തായിരിക്കാം ? ദൈവകോപം ആയിരിക്കാം എന്നാണത്രെ പലരും അഭിപ്രായപ്പെടുന്നത് . അപ്പോഴും ഒരു കാര്യം പലരും മറക്കുന്നു . മനുഷ്യന്റെ അനധികൃതമായ ഇടപെടലുകൾ ലോകത്തെ തന്നെ വിറപ്പിക്കുന്നു . ഈ ദുഷ്പ്രവൃത്തികളുടെ ഫലമായിരിക്കാം പ്രകൃതിദുരന്തങ്ങൾ



.മനുഷ്യ അത്യാർത്തി നിരപരാധികളായ ജന്തുജാലങ്ങളെയും ആപത്തിലേക്ക് നയിക്കുന്നു . പ്രകൃതിദുരന്തങ്ങൾ തെറ്റ് ചെയ്യുന്നവനെ മാത്രമല്ല മറ്റുള്ള അനേകം പേരുടെ നിപരാധിത്വത്തിനെയും ചോദ്യം ചെയ്യുന്നു .

കേളത്തെ വീണ്ടും പുനസൃഷ്ടിക്കാനുള്ള ശ്രമത്തിൽ നാമോരോരുത്തരും പങ്കാളികളാകേണ്ടത് അത്യാവശ്യമാണ് . " നമ്മുടെ കേരളം നമ്മുടെ ഉത്തരവാദിത്വം" എന്ന തീരുമാനത്തോടെ നാം പ്രവർത്തിക്കേണ്ടിയിരുന്നു .ഒരു പ്രകൃതിദുരന്തത്തിനും കേരളത്തെ തോല്പിക്കാനാവില്ല . കേരളത്തെ ബാധിച്ചിരിക്കുന്ന അന്ധകാരം പ്രകാശത്തിൽ ഒഴുകിപ്പോണം.

മഴയെന്നത് ഇപ്പോൾ പേടിപ്പെടുത്തുന്ന ഒരു ഭീകരനെയാണുന്നിൽ വന്നു നിൽക്കുന്നത് . ഈ പ്രളയം എന്ന പ്രതിസന്ധിയിൽ നിന്ന് ഇനി നമുക്ക് അതിജീവിക്കാനുള്ള നാളുകളാണ് . പ്രകൃതിദുരന്തങ്ങൾ ലോകത്തെ തന്നെ പിടിച്ചുലക്കുന്നു .ഭൂപ്രകൃതിയിലും സംസ്കാരത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളം തെറ്റായ ഇടപെടലുകൾ മൂലം ദുരന്തത്തിന് വഴിമാറുന്നു . പ്രകൃതിയോടുള്ള ക്രൂരതകൾ പ്രകൃതി കോപിക്കാനും പ്രകൃതിദുരന്തത്തിലേക്ക് നയിക്കുകയും ചെയ്യുന്നു . ദൈവത്തിന്റെ സ്വന്തം നാടായ കേരളം എന്ന ചിന്ത മാറുന്ന തരത്തിലുള്ള ദുരന്തങ്ങൾ മനുഷ്യന്റെ ദുഷ്ചെയ്തികളിലൂടെ ഉടലെടുക്കുന്നു. മനോഹരിയായ ഒരു കേരളത്തെ നാം ഏവരും ആഗ്രഹിക്കുന്നുണ്ട് . സമ്പൽ സമൃദ്ധിയും മനോഹാരിതയും നിറഞ്ഞകേരളം നാം ഏവരുടെയും സ്വപ്നം.കവികൾ പറഞ്ഞിരുന്ന കേരളത്തെ നാം വീണ്ടും പുനസൃഷ്ടിക്കാൻ നാം ശ്രമിക്കണം . നമ്മുടെ കേരകേദാരഭൂമിയെ നമുക്ക് തിരിച്ചുകൊണ്ടുവരാം. സന്തോഷത്തോടെ കേരളത്തിന്റെ പുനസൃഷ്ടിയിൽ നമുക്ക് മനസറിഞ്ഞ് പങ്കാളികളാകാം.

# ഭൂമിക്കൊരു കൈത്താങ്ങ്

കവിത



ഒരു തുള്ളി  കണ്ണീർ പൊഴിക്കവേ
ആയിരം ഭൂഗോളങ്ങൾ പതിക്കുന്ന ജനനിയിൽ

മനുഷ്യൻ ചെയ്യും ദുഷ്ടതയ്ക്കുനേരെ
ഭൂമിയൊരു തിരമാലയായി ആഞ്ഞുവീശി
അതു നമ്മിൽ മരണമായിപെയ്തിറങ്ങി.

പുഴകൾ പോലെ തൻ റോഡുകൾ
ഒരു കണ്ണീർ കടലുപോൽ ആർത്തിരമ്പി
വീടുകൾ , ഫ്ലാറ്റുകൾ ഷോപ്പിങ് മാളുകൾ
കണ്ണീർ പുഴയിലാണ്ടുപോയി

പ്രളയമൊരു കൊടുംകാറ്റായി
വിത്തുകൾ വേരുകൾ എല്ലാം പിഴുതെറിഞ്ഞു

എന്നാലും നശിക്കാത്ത സ്നേഹത്തിൽ
ജ്വാലയായി ഒരായിരം പേർ
ഒരുമിച്ചു കൈകോർത്തു

കേരളമൊരു മുനയായി
പ്രളയത്തിനു നേരെ ആഞ്ഞുവീശി

എന്തിരുന്നാലും മർത്യാ
ഒന്നോർക്കുക നീ......
ഞാനൊഴുകും കൈവഴികളിൽ നീ....
സ്വർണ്ണർക്കൊട്ടാരങ്ങൾ പണിതാൽ
*അവ പിഴുതെറിഞ്ഞൊഴുകും ഞാൻ*

# डराती बाढ

कविता

*मनुष्य जनता को दुक की*
*अनगढता में डूबती*
*चलती फिरती आयी बाढ*
*प्रकृति के पशु- पक्षियों की*

*सारे पेड- पौधों की*
*सरवनास की निसान से*
*अपनी क्रोध की*
*अरगन में*

*सारी पृथ्वी को जलते*
*डरती आयी बाढ*
*अनेक लोगों की जीवन को*
*तोडकर आयी बाढ*

*खुशी भरी मुस्कुराती मुँह*
*को एक सारथता की*

*चाल में फँस्ते आयी बाढ*

*रोशनी से भरा समाझ में*

*अंधेरा फैलती*

*आई बाढ*

- निहा रेणुकमार

# നിശാസങ്ങൾ തുന്നിയ പുതപ്പ്

**ആസ്വാദനക്കുറിപ്പ്**

ചലനശേഷി നഷ്ടപ്പെട്ട കാലുകളും ദുർബലമായ ശരീരവുമായി വിധിയോടു മല്ലടിച്ച് ദുരിതജീവിതം നയിക്കുന്ന ഒരു കലാകാരന്റെ ജീവിതത്തിന്റെ നേർസാക്ഷ്യം. സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതനായ മലയാളി ചിത്രകാരൻ സി. വി സുരേന്ദ്രന്റെ ആത്മദേശങ്ങൾ അടയാളപ്പെടുത്തുന്ന പുസ്തകമാണ് സി . സതിയരാജൻ മാഷിന്റെ ' നിശ്വാസങ്ങൾ തുന്നിയ പുതപ്പ്. '

അരയ്ക്ക്താഴെ തളർന്നിട്ടും തളരാൻ കൂട്ടാക്കാത്ത മനസിന്റെ ചിറകിലേറി പറക്കുന്ന ഒരുവന്റെ കൃത്യനിഷ്ഠതയോടുകൂടിയ ജീവിതത്തിലെ ഒരു ദിനത്തോടുകൂടിയാണീ കഥ തുടരുന്നത്. 4-5 വയസ്സുവരെ സാധാരണകുട്ടികളെപ്പോലെ ഓടിച്ചാടി നടന്നിരുന്ന സുരേന്ദ്രന്റെ ഉള്ളിൽ നിദ്രയിലായിരുന്ന അസുഖത്തിന്റെ വിത്തുകൾ മുളപൊട്ടിയത് സ്കൂൾ പഠനകാലത്താണ്. രോഗമതിന്റെ ലക്ഷണങ്ങൾ പുറത്തുകാണിച്ചുതുടങ്ങിയിട്ടും വേദനകളും വിഷമതകളും ആരെയുമറിയിക്കാതെയാണ് സുരേന്ദ്രൻ കഴിഞ്ഞത്. ഇത് മടിയൻ എന്ന് വിളിപ്പേര് സ്വായത്തമാക്കാൻ സുരേന്ദ്രനെ സഹായിച്ചു. ഈ വിളിഅവഗണിച്ച് അതിരാവിന്റെ തന്റെ സ്വന്തം സൃഷ്ടിയായ 'സുരേന്ദ്രതാളത്തിൽ' അദ്ദേഹം സ്കൂളിലേക്ക് പോയി. നടത്തത്തിനിടയിലൊന്നിടറി വീണാൽ , പിന്നെ പരസഹായമില്ലാതെ എഴുന്നേല്ക്കാൻ കഴിയാത്ത സുരേന്ദ്രന്റെ ജീവിതം പത്താം തരത്തിനുശേഷം വീട്ടിലെ കുടുസുമുറിയിലേക്ക് പറിച്ചുനടപ്പെട്ടു. ഒരപകടത്തിൽപ്പെട്ട് അരയ്ക്ക്താഴെ പൂർണമായ് തളർന്ന അദ്ദേഹത്തോട് ആദ്യം പലർക്കും സഹതാപമായിരുന്നു. പിന്നീട് ആർക്കും ഭാരമാകാതെ വേഗമൊന്നെടുത്തിരുന്നെങ്കിൽ എന്നാശിക്കുകയും ആത്മഹത്യയ്ക്കായി ഒരു വൃഥാശ്രമം

നടത്തുകയും ചെയ്തു അദ്ദേഹം. കരുണാമയനായ ദൈവത്തിന്റെ സഹായത്താൽ ആ ശ്രമം വിജയിച്ചില്ല. അതുകൊണ്ടാണല്ലോ നമുക്ക് ഇത്ര മഹത്തായൊരു ചിത്രകാരനെ ലഭിച്ചത്.

സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതനായ സി.വി.സുരേന്ദ്രന്റെ കഥയാണ്

ഈ പുസ്തകത്തിലെങ്കിലും ഇത് ഇത്രയും മനോഹരമായി നമ്മുടെ മുന്നിലെത്തിച്ചത് സി.സത്യരാജൻ മാഷാണ്. ഇത്രയും വ്യക്തമായ രചനാവിഷ്കാരവും ഹൃദ്യമായ ഭാഷയും

ചിത്രകാരന്റെ ജീവിതം നമ്മുടെ കൺമുന്നിലെത്തിക്കുന്നു. ചിത്രകാരനനുഭവിച്ച യാതനകളെല്ലാം തന്മയത്വത്തോടെ വായനക്കാരുടെ ഉള്ളിലെത്തിക്കാനും ഒരിക്കലും

മറക്കാൻ കഴിയാത്ത നോവുകളൊരോർമ്മയാക്കി അത് മാറ്റാനും സാധിച്ചത് കഥാകൃത്തിന്റെ കഴിവാണ്. സി. വി. സുരേന്ദ്രൻ തന്റെ സർഗ്ഗശേഷിയുടെ കരുത്തുകൊണ്ടും കരുണാമയമായ ഒരു കൂട്ടം സുമനസ്സുകളുടെ അകമണിഞ്ഞ പിന്തുണകൊണ്ടും സ്വന്തം കരുപ്പിടിപ്പിക്കുന്നു.

*- അഞ്ജലി ദേവേശൻ*

# ജീവ ജ്വാല

നന്ദന എൻ

കവിത

വായുവിലുണ്ടാമോക്സിലെന്നൊരു
മാന്ത്രികനീ, ഗോളത്തിൽ
മാനവനും മറ്റെല്ലാ ജീവനുമാധാരം
കാണാനാവില്ലീ , വിരുതനെ,യിവ -
നൊഴുകി നടക്കുന്നെങ്ങെന്നും
അഗ്നിയെയാളിക്കത്തിക്കുന്നു!
ഹൈഡ്രജനൊപ്പം ചേരുന്നു!
ഹൈഡ്രജനൊപ്പം ചേർന്നോരേകും
ജലമതു ,ശുദ്ധം ജീവജാലം
ജലമില്ലാത്തൊരു ലോകം
ചിന്തിതമല്ലെന്നോർക്കുക,യെല്ലാരും!
ഓക്സിജനെന്നീ, മൂലകമില്ലേൽ
ജീവിതമില്ല നമുക്കീയുലകിൽ
നട്ടുനനച്ച് വളർത്തിയെടുക്കുക
ഭൂമാറിടമെങ്ങും മാമരങ്ങൾ
സ്വതന്ത്രമാക്കുന്നവയീ, മൂലക-

മെങ്ങും നിറച്ചീടുന്നു
വെട്ടരുതാമര, മീ,മരമോർക്കുക-
യിവയില്ലെങ്ങിൽ ഓക്സിജനില്ല
വിഷപ്പുകയും പൊടിപടലമെങ്ങും
മൂടുന്നു ഈ വായുവിനെ
ഓക്സിജനോടിയെളിക്കുന്നീ,
ചെയ്തികളാൽ , മാനവകർമങ്ങൾ
ഓർക്കുകയെന്നും ഓക്സിജനില്ലേൽ,
ജീവിതമല്ലീ ഗോളത്തിൽ
ഓക്സിജനെങ്ങും നിറയ്ക്കുക-
യഭിനവമായീ, ഭൂമിയെ മാറ്റുക നാം!

# പേമാരിയോ നീയേ

കവിത

കേരളഭൂമിയെ അട്ടിമറച്ചൊരു

ഭീകമാരി നീയെ...

ആകാശ നീലിമ വാർത്തുകളഞ്ഞൊരു

കൂരിരുൾ രാവോ നീയേ...

വീടുകൾ ,കാടുകൾ ,മേടുകൾ ,കൂടുകൾ

ചീന്തിയെടുത്തതും നീയേ....

പച്ചപുതച്ചൊരീ ഐശ്വര്യ

ഭൂമിയെ കോരിമറച്ചതും നീയേ...

ദൈവത്തിൻ സ്വന്തം നാടിനോടെന്തേ

നീയീ ക്രൂരത ചെയ്തു...

മഴയേ നീയീ ക്രൂരത ചെയ്തു...

നൂറ്റാണ്ടുകണ്ടൊരു ഭീകരമാരിയാം

നീരൊക്കല്ലയോ നീയേ....

ഭീകരപേമാരിയല്ലയോ നീയേ...



# Importance of Multicultural Education in India

Write-up




India is a country of diversity. The culture of India has been shaped by this diversity. Here comes the importance of 'multiculturalism'. Multiculturalism is the willingness to accept the other regardless of language, religion, ethnicity, gender etc... . In a multicultural country like India education should follow the principles of multiculturalism.

Multicultural education refers to any form of education that

*incorporate the values beliefs and perspectives of people from different cultural background. Multicultural education teaches people to respect difference. It gives much importance to value system.*

*A multicultural curriculum gives much importance to content. Content should include the contributions and perspectives of all groups. According to the needs of the classroom teaching and learning materials should be imparted. It also embraces different ways of teaching and learning strategies like co-operative learning,individual,works,student teaching etc. In order to prepare students to be part of democracy social values are given much importance in multicultural curriculum.*

*Cultural discontinuity is a major reason behind school failure in India. Multicultural approaches not only promote academic development but also bring unity among different culture.*

*-Vanisha Valsan*
*(HSA Malayalam)*

# നാട്ടുമാവ്

കവിത

അവസാനമായി  ചുറ്റുമൊന്ന്

നോക്കി  ആ നാട്ടുമാവ്

ആർത്തലച്ച് വീണു എന്റെ

ആത്മവിദ്യാലയത്തിലെ, ആ

നാട്ടുമാവ് യാത്രയായി എത്രയോ

നാട്ടുമാങ്ങകൾ തിന്നു ഞാനും

ചങ്ങാതിമാരും എത്രനാൾ അതിൻ

ചുവട്ടിൽ കണ്ണ് പൊത്തി കളിച്ചു

അവസാനം സരസ്വതീ ക്ഷേത്രം

തൻ പടിയിറങ്ങുമ്പോൾ ചങ്ങാതി

മാരോട് യാത്ര പറഞ്ഞതും അവിടെ വച്ചു

തന്റെ ഓർമ്മകൾ തൻ സ്മാരകമത്

അതും ചത്തു

# ഇനിയൊരു മദാം ക്യൂറി ഉണ്ടാവുമോ.............

**കവിത**



ദാരിദ്ര്യത്തിൻ പടുകുഴിയിലായി
പിറന്നു വീണ മര്യ
വിദ്യനുകർന്നിടാൻ പൂമ്പാറ്റപോൽ
അവൾ പാറി നടന്നു.....
സ്വാർത്ഥതൻ അഴുക്കുചാലുകളിൽ
നീന്തിത്തുടിച്ച് കുടപ്പിറപ്പുകൾക്ക്
മാതൃകയാമൊരു പെൺകുട്ടി.....
പ്രണയം അവൾക്കായി പുതു
വാതിൽ തുറന്നു.....
ദാരിദ്ര്യത്താൽ ആ സ്വപ്ന ജീവിതം
അവൾക്കായി അടയ്ക്കപ്പെട്ടന്നാലും.....
ശാസ്ത്രം അവളെ മാടിവിളിച്ചു.....
ഒരു ദിനം പിയേർ അവളോടു
നിസ്വാർത്ഥമായി ചൊല്ലി
എന്നോടൊപ്പം കൂടുന്നോ.....
മനസിൽ വീണ്ടും പ്രണയം തളിർത്തു......
ഇരുവരും ദാരിദ്ര്യത്തിൻ
വഴിത്താരയിൽ നടന്നു....
ജീവിതം പരീക്ഷണമായും...
പരീക്ഷണം ജീവിതമായും
അവരിരുവരും ഗവേഷണത്തിൻ
വാതിൽ തുറന്നു....
ശീതീകരിക്കും മുറികളില്ല....
കമ്പ്യൂട്ടറുകളുമില്ലെന്നാലും
കഠിനാധ്വനത്താൽ വെളുത്ത കര

ങ്ങൾ കരുവാളിച്ചപ്പോഴും
ശാസ്ത്രം അവരെ ഉറ്റുനോക്കിടും
ആ വേളയിൽ

കറുത്ത കരങ്ങളാൽ മര്യ ഏറ്റുവാങ്ങി....
നൊബൈൽ
റേഡിയം ലോകത്തിനു സമ്മാനിച്ചപ്പോഴും

ദരിദ്ര്യയായി താൻ ജീവിതം നയിച്ചവൾ......
തൻെറ ജീവിതപങ്കാളി മരണപ്പെട്ടപ്പോഴും

തളർന്നതേയില്ലവൾ....
ശാസ്ത്ര വിദ്യാർത്ഥികൾക്കൊന്നും
നിത്യപ്രചോദനത്തിൻെറ
ഔന്നത്യത്തിലേക്ക് ഊക്കോടെ
തള്ളിവിടുന്ന വികാരങ്ങളാണ്

മാരി ക്യൂറി........
പരീക്ഷണങ്ങൾക്കായി ജീവിതം മാറ്റിവെയ്ക്കുന്ന
മറ്റൊരു സ്ത്രീ ഇനി ഈ ഭൂവിലുണ്ടാവുമോ....

# പ്രകൃതിയുടെ സ്വപ്നം

കഥ

മഴ തകർത്തു പെയ്യുകയാണ്. തുള്ളിക്കൊരുകുടം കണക്കെ ഉദയസൂര്യന്റെ കിരണങ്ങൾ കണ്ടിട്ട് ഒരാഴ്ചയോളമായി . കിടക്കയിൽ ചമ്മണംപടിഞ്ഞു ഇരിക്കുകയായിരുന്നു അവൻ.ഒന്ന് പുറത്തേക്കു പോകാൻ കൊതിക്കുന്നുണ്ടായിരുന്നു അവന്റെ മനസ്സ് . പക്ഷേ , ഇറയം വരെ ഉയർന്നു വന്ന മഴവെള്ളം അതിനവനെ അനുവദിച്ചിരുന്നില്ല.

അമ്മ ഇരുട്ടത്ത് മണ്ണെണ്ണ വിളക്കു കത്തിച്ച് അടുക്കളയിൽ എന്തോ മപായുകയാണ് . അമ്മൂമ്മ കാലം പാതി അടച്ച കണ്ണുകൾ മെല്ലെ ചിമ്മി ചാരു കസേരയിൽ ഇരിക്കുകയാണ് . സ്വന്തം അനുജത്തിയായ കിങ്ങിണി അച്ഛനെ കാത്തിരുന്നുറങ്ങി . ഇന്നലെ കുന്നിൻചെരുവിലെ ജേക്കപ്പേട്ടന്റെ വീടിന്റെ അവിടെ നിന്ന് ഉരുൾപൊട്ടലിന്റെ ശബ്ദം കേട്ടപ്പോളോടിയതാണ് . ഇപ്പോഴും എവിടെ നിന്നൊക്കെയോ ഉരുൾപൊട്ടലിന്റെ മാറ്റൊലികൾ കേൾക്കുന്നുണ്ട് . അപ്പു.... , ചിന്തകൾക്കിടയിൽ നിന്നും പെട്ടെന്ന് ഉണർന്നു. അമ്മ കട്ടൻചായ അരികിൽ വച്ചു .

അവൻ അമ്മയുടെ മുഖത്തേക്കു നോക്കി . കരഞ്ഞു കലങ്ങിയ കണ്ണുകളിൽ നിന്നും ഇപ്പോഴും കണ്ണീർ ഒഴുകുകയാണ് . അച്ഛനെ കാണാനില്ല , വെള്ളമാണെങ്കിൽ ഉയർന്നുകൊണ്ടിരിക്കുന്നു .

ഒരു കാറ്റുകൂടി ശക്തിയിലാഞ്ഞു വീശിയാൽ വീട് തകരും .വീടിന്റെ പിന്നിലെ വലിയ കുന്നാണെങ്കിൽ , ഒന്നത് വിറച്ചാൽ മതി . കാര്യം തീർന്നു . ഇതൊക്കെ അവൻ അമ്മയുടെ മുഖത്തുനിന്ന് വായിച്ചെടുത്തു.

പിന്നെയും സമയം ഒരുപാട് കഴിഞ്ഞു.ജനാലകമ്പികൾക്കിടയിലൂടെ അവൻ പുറത്തേക്കുനോക്കി . എങ്ങും വെള്ളമാണ്. കഴിഞ്ഞകൊല്ലം മൈലുകൾക്കകലെ പോയാണ് വെള്ളം കൊണ്ടു വന്നത്. മഴ കൂടുമ്പോൾ മഴയെ ശപിക്കുകയും ,വേനലിൽ ചുട്ടുപൊള്ളുമ്പോൾ സൂര്യനെ പഴിചാരുകയും ചെയ്യുന്ന മനുഷ്യ മനസ്സുകളുടെ ചെയ്തികളുടെ ഫലമാണല്ലോ ഈ പേമാരി. മനുഷ്യൻ വെട്ടിപിടിച്ചതൊക്കെ സ്വതന്ത്രമാക്കാനുള്ള പ്രകൃതിയുടെ പരിശ്രമം . അമ്പലത്തിനടുത്തുള്ള പുഴ തെളിനീരിന്റെ ഉറവിടമായിരുന്നു . നീന്തൽ പഠിക്കാൻ ഒരുപാടവിടെ പോയിട്ടുണ്ട് .എന്നാൽ 2 വർഷത്തോളമായി അതിലൂടെ രക്തമാണ് ഒഴുകുന്നത് . മണൽവാരിയും മാലിന്യം വലിച്ചെറിഞ്ഞും മനുഷ്യതലമുറകൾ കൊന്നു

പുഴയുടെ , ശ്വാസത്തിനായുള്ള തേങ്ങലിൽ കേൾക്കുന്നു . ആ പുഴ കരകവിഞ്ഞ് , അമ്പലം തകർത്ത് ഇന്നൊഴുകുകയാണ് . ആലോചനകളിൽ നിന്നുണരും മുൻപേ അതുസംഭവിച്ചു . ഭൂമിയൊന്നു വിറച്ചു, കുന്നിൻചെരിവിലെ അവന്റെ വീടിനോടും പ്രകൃതി ദയ കാണിച്ചില്ല . പെട്ടെന്നു തന്നെ അവന്റെ വീട്ടിൽനിന്നു മുഴങ്ങിയ നാല് നിലവിളികൾ നിലച്ചു .

സൂര്യപ്രകാശം കണ്ണിൽ തട്ടിയാണ് അവനുണർന്നത്. കണ്ണുതുറന്നു നോക്കിയപ്പോൾ അവൻ മറ്റെവിടെയോ ആണ് . അവൻ മുറ്റും കണ്ണോടിച്ചു . പായകളിൽ കുറേപേർ കിടക്കുന്നുണ്ട്. പലസ്ഥലങ്ങളിലായി പലരും കൂട്ടംകൂടിനിൽക്കുന്നുണ്ട് . പക്ഷേ , എങ്ങും തടം കെട്ടിനിൽക്കുന്ന നിശബ്ദത . അവന്റെ അമ്മയും മുത്തശ്ശിയും ഒരു പായയിൽ ചുമരുചാരി ഇരിക്കുകയാണ് . പെട്ടെന്നൊരുകാര്യം കൂടി അവൻ കണ്ടു . അവന്റെ അച്ഛനെ, അനുജത്തിയും അച്ഛന്റെകൂടെയിരിക്കുകയാണ് .ഇത്രയും നേരം ഉറങ്ങിയതിനെ ശപിച്ചുകൊണ്ട് അവൻ എഴുന്നേറ്റ് അച്ഛന്റെ അടുത്തേക്ക് പോയി . അച്ഛനോടൊരുപാട് കാര്യങ്ങൾ ചോദിക്കാനുണ്ട് . പക്ഷേ എല്ലാം ഒതുക്കിക്കൊണ്ടവൻ ചോദിച്ചു , "ജേക്കപ്പേട്ടനും കുടുംബവും അവർക്കെങ്ങനെയുണ്ട് ? "

അച്ഛൻ മറുപടി പറയാതെ ദിരിതാശ്വാസകാമ്പിലെ ഒരുഭാഗത്തേക്ക് കണ്ണോടിച്ചു . അവിടെ ജേക്കപ്പേട്ടന്റെ ഭാര്യ ശോശാമ്മേടത്തിയും മക്കളും ഇരിക്കുന്നുണ്ട് . അവൻ അമ്മയുടെ അരികിലേക്കു പോയി . അമ്മയുടെ മടിയിൽ തചായ്ച്ചു അവിടത്തെ ചുമരിലേക്കു നോക്കിയിരിന്നു .അവന്റെ മനസ്സിൽ ചില കാര്യങ്ങൾ മിന്നി മറഞ്ഞു . അവനിപ്പോൾ ജീവിച്ചിരിക്കുന്നത് ആരുടെയൊക്കെയോ കാരുണ്യം കൊണ്ടാണ്. ഏതോ നന്മയുടെ പ്രകാശം കൊണ്ട്. ഈ കാമ്പിലുള്ള എല്ലാവരും സ്വയം മറന്ന് അവർക്കു വേണ്ടി പ്രാർഥിക്കുന്നുണ്ടാവാം.

ജീവൻ പണയം വച്ച് മനസ്സിൽ കരുത്തുമായി പ്രകൃതിയോടു പോരാടിയ ആ വ്യക്തികൾക്കുവേണ്ടി , അവരെ പ്രോത്സാഹിപ്പിച്ച മനുഷ്യർക്കു വേണ്ടി , കൂരിരുട്ടിലെ ആ പ്രകാശത്തെ കൈകൂപ്പിക്കൊണ്ട് നമിക്കുകയാണെല്ലാവരും . ഇനിയൊരു പ്രളയം കൂടി ചെറുത്തു നിൽക്കാൻ കഴിയാത്ത മനസ്സുമായി , ഓണവും ബക്രീദും ക്രിസ്മസും ഒന്നാക്കി , ഒരേ മനസ്സായി , ഈ ഒരുമ കാണാനായിരിക്കാം പ്രകൃതി ശ്രമിച്ചത് . ആ സ്വപ്നത്തിനായിരിക്കാം ഈ രൂക്ഷഭാവം കാണിച്ചത്.

# പ്രളയ പ്രവാഹങ്ങൾക്കപ്പുറം

കഥ

*മൂടി നിന്ന മഞ്ഞിനെ തുടച്ചു കളഞ്ഞ് സൂര്യൻ മെല്ലെ ഉദിച്ചു. പക്ഷികളുടെ കിളിനാദം പ്രകൃതിയിലെങ്ങും പ്രതിധ്വനിച്ചു . പഴുത്തു നിന്ന മാമ്പഴം കൊത്തിയെടുത്ത് കാക്കച്ചി പറന്നകന്നു .മരങ്ങൾ കാറ്റിലാടിയുലഞ്ഞു . ജാലകങ്ങളുടെ വാതിൽ മെല്ലെ കാറ്റിലാടി . സൂര്യ രശ്മികൾ ജാലകത്തിലൂടെ വന്ന് അവളുടെ മിഴികളെ മെല്ലെ തട്ടി വിളിച്ചു . മുഖം കഴുകി അവൾ പുറത്തേക്ക് നടന്നു . പുഴയിലെ ഓളങ്ങളുടെ ശബ്ദം കാതോർത്ത് അവൾ വിദൂരതയിലേക്ക് നോക്കി നിന്നു . പൂമ്പാറ്റകൾ പൂക്കളിൽ നിന്ന് മധു നുകർന്നു കൊണ്ടിരിക്കുന്നു . അവൾ മുറ്റത്തിറങ്ങി . ആകാശത്തിന്റെ ഒരു തുള്ളി കണ്ണീർ അവളുടെ കവിളിനെ തഴുകി . അവൾ മാനത്തേക്ക് നോക്കി .*

*ഇത്രയും കണ്ടത് സ്വപ്നമായിരുന്നോ എന്നൊരു തോന്നൽ !*

*കാർമേഘങ്ങൾ ഇരുണ്ടുകൂടി കരിങ്കടൽ പോലെ നിൽക്കുന്നു . ഒരു തുള്ളി കണ്ണീർ പൊഴിച്ച ആകാശം പിന്നീട് പരച്ചിൽ നിർത്തിയതേയില്ല . അവൾ ഓർമ്മയിൽ നിന്ന് ഉണർന്നു .*

*“ഇന്നെല്ലാം മാഞ്ഞുപോയിരിക്കുന്നു.............*

*ഇനിയെല്ലാം ഒന്നിൽ നിന്ന് തുടങ്ങണം....*

*പുഴ കവിഞ്ഞൊഴുകി , മലകളിൽ ഉരുൾപൊട്ടി...... ആകാശം ഇപ്പോഴും നിർത്താതെ കരയുന്നു .”*

*ജനാലയിലൂടെ ആകാശത്തേക്ക് നോക്കി അവൾ അങ്ങനെ നിന്നു.*

*“ പേമാരിയിൽ പൊലിഞ്ഞുവോ ?*

*വെളിച്ചം അരികിലുണ്ട് !”*

*പുറകിൽ നിന്നൊരു പ്രൗഢഗംഭീരമായ ശബ്ദം കേട്ട് അവൾ*

*തിരിഞ്ഞുനോക്കി .*

*അപ്പോഴാണ് അവൾ കണ്ടത് , അവളുടെ സ്കൂളിലെ മലയാളം പഠിപ്പിക്കുന്ന കൃഷ്ണൻമാഷ്!*

*" മാഷേ !,എല്ലാം പോയി ....*

*എനിക്കിനി വീടില്ല ..... ഞാനിനി എവിടെ പോകും ?"*

*" നീ പേടിക്കേണ്ട , പ്രതീക്ഷ കൈവിടാതെ .*

*നാം പ്രകൃതിയോട് ചെയ്ത ക്രൂരതകൾക്ക് ഒരു തിരിച്ചടിയാണിത് . നാം പ്രകൃതിയെ എങ്ങനെ സംരക്ഷിക്കുന്നുവോ... അതുപോലെ പ്രകൃതി നമ്മെയും സംരക്ഷിക്കും ,നാമെങ്ങനെ പ്രകൃതിയെ വേദനിപ്പിക്കുന്നുവോ... അതുപോലെ പ്രകൃതി നമ്മെയും വേദനിപ്പിക്കും ..... നമ്മൾ ഒരാളെ അടിച്ചാൽ അയാൾ നമ്മളെ തിരിച്ചടിക്കുകയില്ലേ .... അതുപോലെ തന്നെയാണ് പ്രകൃതിയും ...." കൃഷ്ണൻ മാഷ് പറഞ്ഞു .*

*അവൾ ഏങ്ങിക്കരഞ്ഞു .*

*" നീ പ്രതീക്ഷ കൈവിടരുത് മോളേ ........*

*എല്ലാം ഒരു ദിവസം തിരികെ വരും....*

*തീർച്ച ."*

*ഈ വാക്കുകൾ അവളുടെ മനസ്സിൽ പ്രതിധ്വനിച്ചു കൊണ്ടിരുന്നു .എല്ലാം തിരികെ വരുമെന്ന പ്രതീക്ഷയോടെ അവൾ ദുരിതാശ്വാസക്യാമ്പിന്റെ പടികളിൽ ഇരുന്നു......................*

# അമ്മ

കഥ

കിടന്നിട്ട് ഉറങ്ങാൻ കഴിയാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. പെട്ടന്ന് ഞെട്ടിയുണർന്നു. സിസ്ചുട്ടീച്ചറുടെ ഓർമപ്പെടുത്തൽ " നാളെ വരുമ്പോൾ മാഗസീനുവേണ്ടി ഒരു കഥ തയാറാക്കിക്കൊണ്ടുവരണം " എന്നെ ഉറങ്ങാൻ വിടാതെ അസ്വസ്ഥയാക്കുന്നു. പണ്ടെങ്ങോ എഴുതി നിറം മങ്ങിയ താളുകളുകളിൽ സൂക്ഷിക്കുന്ന ഒരെണ്ണം നൽകാമെന്ന് കരുതിയാണ് എതിർപ്പൊന്നും പറയാതെ ഞാൻ വീട്ടിലേക്കുവന്നതെങ്കിലും തികച്ചും നിരാശയോടെ പുതിയ കഥ സൃഷ്ടിക്കുന്നതിന്റെ വേദനയോടെ വിരൽത്തുമ്പിലെ പേന ചലിക്കുന്നതും നോക്കി ഞാൻ നിശബ്ദയായിനിന്നു. കാലം പറയാൻ മറന്ന ചിത്രങ്ങളുടെ കുത്തൊഴുക്ക് എന്നിലൂടെകടന്ന് പോകുമ്പോഴും കഥാതന്തുവും കഥാപാത്രങ്ങളും തിരശീലനീക്കി രംഗപ്രവേശനം ചെയ്യുന്നുണ്ടായിരുന്നു. തിളങ്ങുന്ന കണ്ണുകളുമായി എന്റെ മുന്നിലിരുന്ന് ബഹളംവയ്ക്കുന്ന രാഹുൽ , നീയാണ് എന്റെ കഥയ്ക്ക് ജീവൻ കൊടുക്കുന്നത് എന്ന് ഉറക്കെ വിളിച്ച് കൂവുന്ന മനസിനെ അടക്കിപിടിച്ചുകൊണ്ട് ഓർമച്ചെപ്പ് മെല്ലെ തുറന്നുവെച്ചു. സ്കൂൾതുറന്ന് കുറച്ച് ദിവസമേ ആയിട്ടുള്ളു പുത്തനുടുപ്പും ബാഗുമൊക്കെയായി ഹൈസ്കൂളിലേക്കെത്തുന്ന എട്ടാം ക്ലാസുകാരുടെ ക്ലാസ് അധ്യാപികാസ്ഥാനം അഹങ്കാരമായിക്കൊണ്ട് നടക്കുന്ന കാലത്താണ് രാഹുൽ നീ എന്റെ മനസിൽ ഒരു നൊമ്പരമായി പടർന്നുകയറിയത്. സ്കോളർഷിപ്പ് ഫോം പൂരിപ്പിച്ച് നൽകിയതിൽ അച്ഛന്റെ പേരിന്റെ സ്ഥലം പൂരിപ്പിക്കാത്തതിൽ വഴക്കുപറഞ്ഞുകൊണ്ടാണ് അവനെ അടുത്തേക്ക് വിളിച്ചത് നിഷ്കളങ്കനായി അടുത്തേക്കുവന്ന രാഹുലിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഞാൻ കരുതി അവനതെഴുതാൻ വിട്ടുപോയതാവും എന്നാണ്. പക്ഷെ എത്ര ചോദിച്ചിട്ടും അച്ഛനാരെന്നും പേരെന്തെന്നും അറിയാതെ കരഞ്ഞുകലങ്ങിയകണ്ണുകളോടെ തലതാഴ്ത്തിപ്പിടിച്ച് നിന്ന നിന്നെ ചേർത്തുപിടിച്ചു ഈറനായകണ്ണുകളെ ആരും കാണാതെ ഒപ്പിയത് ഇന്നലെ എന്ന പോലെ

ഓർത്തുപോയി ഞാൻ. അന്നാണ് അമ്മയെന്ന സത്യം ഞാൻ ഉൾക്കൊണ്ടത്. വില മതിക്കാനാവാത്ത നിധിയായി " അമ്മ" എന്നും കൂടെ ഉണ്ടാവണം എന്ന് പ്രാർത്ഥിക്കാൻ തുടങ്ങിയതു അന്നു മുതൽ ആണ് . മൈഥിലിയും ,ഉത്തരയും ,സാവിത്രിയും ,പാഞ്ചാലിയും നമ്മുക്ക് മുമ്പിൽ പാതിവ്രത്യത്തിന്റെ കഥകൾ പറഞ്ഞെങ്കിൽ അച്ഛന്റെ പേരു പോലും പറയാതെ കുഞ്ഞുങ്ങളെ വളർത്തുന്ന അമ്മമാരെ നിങ്ങളല്ലേ ചരിത്ര താളുകളിൽ ഇടം നേടേണ്ടവർ എന്നൊരു ആയിരം വട്ടം എന്നോട് തന്നെ ചോദിച്ചു ഞാൻ .

നവോത്ഥാനത്തിന്റെയും തുല്യതയുടെയും പേരിൽ സ്ത്രീകൾ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾ കാണുമ്പോൾ പെൺമലയാളമേ ലജ്ജിക്കൂ എന്ന് ആത്മാഗതം പൂണ്ട് നിൽക്കാനെ കഴിയുന്നുള്ളൂ . കാലം കരുതി വച്ച മാറ്റത്തിനൊപ്പം നിങ്ങിയപ്പോൾ iiT യിൽ നിന്നു എഞ്ചിനിയിഗിൽ ബിരുദം നേടി തന്റെ അമ്മയെ അഭിമാനത്തോടെ ചേർത്ത് പിടിച്ച് ഇവരാണ് എന്റെ അമ്മയും അച്ഛനും എന്ന് അഭിമാനിച്ചനിന്നെ എന്റെ ഓർമ്മകളിൽ നിന്ന് ആവേശത്തോടെ ആത്മനിവൃതി യോടെ വായനയുടെ ലോകത്തേക്ക് പറിച്ചുനടക്കട്ടെ.

-ലേഖാ ഗോവിന്ദൻ

*( H S A MATHS)*



# ഗവ: ഹയർ സെക്കണ്ടറി സ്കൂൾ മുണ്ടേരി

**ചരിത്രം**




കണ്ണൂർ ജില്ലയിൽ മൈസൂർ അന്തർ സംസ്ഥാന പാതയ്ക്ക് അരികിലായി മുണ്ടേരി പഞ്ചായത്തിൽ കാഞ്ഞിരോട് വില്ലേജിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.ഒരു പഞ്ചായത്തിൽ ഒരു സ്കൂളെങ്കിലും ഉണ്ടായിരിക്കണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 1981 ൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. സ്കൂളിന് സ്വന്തമായി 5 ഏക്കർ സ്ഥലമുണ്ട്. നാട്ടുകാരുടേയും രക്ഷിതാക്കളുടേയും കഠിന പരിശ്രമഫലമായി താത്കാലിക ഷെഡ്ഡുകളിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ ഇന്ന് സ്വന്തം കെട്ടിടത്തിൽ നന്നായി പ്രവർത്തിക്കുന്നു.മികച്ച സ്കൂൾ ഗ്രൗണ്ട് നമുക്കുണ്ട്.ഹൈസ്കൂൾ വിഭാഗത്തിൽ 11 ഡിവിഷനുകളിലായി 494 കുട്ടികൾ

പഠിക്കുന്നുണ്ട്. 2000 ൽ ഹയർ സെക്കണ്ടറി വിഭാഗം ആരംഭിച്ചു. 2009 ലും 2010 ലും എസ്.എസ്.എൽ.സി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടാൻ കഴിഞ്ഞിരുന്നു. തുടർന്നിങ്ങോട്ട് എല്ലാ വർഷവും തൊണ്ണൂറ്റൊൻപത് വിജയം നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

പഠനപ്രവർത്തനങ്ങളിൽ മാത്രമല്ല പാഠ്യേതര പ്രവർത്തനങ്ങളിലും വളരെയധികം മുന്നേറാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിൽ പ്രൊജക്റ്റുകൾ അവതരിപ്പിച്ച് ദേശീയ തലത്തിൽ 6 തവണ പങ്കെടുക്കുകയും മികച്ച നേട്ടം കൈവരിക്കുകയും ചെയ്തു. സംസ്ഥാനത്തിലാവട്ടെ 8 തവണ വിദ്യാലയത്തെ പ്രതിനിധീകരിച്ച് കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ഉണ്ടായി.ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ 2 തവണ പങ്കെടുക്കുകയുണ്ടായി. സംസ്ഥാനതല ശാസ്ത്രമേളകളിൽ കഴിഞ്ഞ വർഷമടക്കം നിരവധി തവണ പങ്കെടുത്തിട്ടുണ്ട്.സ്കൗട്ട് ,ഗൈഡ്,റെഡ്ക്രോസ്സ് എന്നിവ സജീവമായി പ്രവർത്തിച്ചുവരുന്നു.ക്ലബ് പ്രവർത്തനങ്ങൾ വളരെ സജിവമാണ്. വിദ്യാരംഗം കലാസാഹിത്യവേദി, പരിസ്ഥിതി ക്ലബ്ബ് , ശാസ്ത്ര ക്ലബ്ബുകൾ, ഭാഷാ ക്ലബ്ബുകൾ എന്നിവ നല്ല നിലയിൽ ഏകോപനത്തോടെ പ്രവർത്തിക്കുന്നു.

സ്കൂൾ നടത്തിപ്പ് കാര്യക്ഷമവും സുഗമവും ആക്കുന്നതിനാവശ്യമായ സംഘടനകൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന പി.ടി.എ, മദർ പി.ടി.എ, എസ്.എസ്.ജി., എസ്.എം.സി.,എസ്.എം.ഡി.സി.? എന്നിവയും എസ്.ആർ.ജി.യും ഈ സ്കൂളിലുണ്ട്. ഇവ യഥാസമയം യോഗം ചേരുകയും സ്കൂൾ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.എസ്.എം.ഡി.യോഗത്തിലെ തീരുമാനങ്ങളനുസരിച്ചാണ് ആർ.എം.എസ്.എ ഫണ്ട് വിനിയോഗം നടക്കുന്നത്. ഇതുവരെ ലഭിച്ച ഫണ്ടുകൾ കാര്യക്ഷമമായി സ്കൂൾ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം,ക്ലാസ്റൂം പ്രവർത്തനങ്ങൾ എന്നിവ കൂടുതൽ മെച്ചപ്പെടുത്താൻ ഇതുവഴി സാധിച്ചിട്ടുണ്ട്.

# വായനാ ദിനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രസംഗം

**പ്രസംഗം**

മാന്യസദസ്സിന് വന്ദനം,

അറിവിന്റെ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് കേരളത്തിലെ വിദ്യാലയങ്ങളിലും ഗ്രന്ഥാലയങ്ങളിലും ഇനി ഒരാഴ്ചക്കാലം വായനാവാരം. ഗ്രന്ഥശാലാസംഘം സ്ഥാപകരിൽ പ്രമുഖനും സാക്ഷരതാപ്രവർത്തകനുമായിരുന്ന ശ്രീ.പുതുവായിൽ നാരായണപണിക്കർ എന്ന പി.എൻ.പണിക്കരുടെ ചരമദിനമായ ജൂൺ 19 ആണ് വായനാദിനമായി നാം ആചരിക്കുന്നത്. അക്ഷരത്തിന്റെയും വായനയുടെയും കാലികപ്രസക്തി തിരിച്ചറിഞ്ഞ് അതിന്റെ പ്രാധാന്യം ജനസമക്ഷം അവതരിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

വായന സംസ്കാരത്തികവിന്റെ ആകാശങ്ങളിലേക്കാണ് നമ്മെ എത്തിക്കുന്നത്. അക്ഷരങ്ങളിലൂടെ അറിവിന്റെ അത്ഭുതലോകത്ത് എത്തിച്ചേരുന്നയാൾ ഒരു പുതിയ മനുഷ്യനായിത്തീരുകയാണ്.

ഉത്തമാഗ്രഹങ്ങൾ മനുഷ്യനെ ദേവനാക്കുമെന്ന് പറയുന്നത് ഈ അർത്ഥത്തിലാണ്. അറിവുനേടൽ ആനന്ദകരമായ ഒരു അനുഭവമാണ്. ആ അറിവിന്റെ അമൃതകുംഭങ്ങളാണ് ഉത്തമഗ്രന്ഥങ്ങൾ. എല്ലാ ശാഖയിലുംപെട്ട ഉത്തമഗ്രന്ഥങ്ങളുടെ കലവറയായിരിക്കണം സ്കൂൾ ലൈബ്രറി. സ്കൂളിലെയും നാട്ടിൻപുറങ്ങളിലെയും ഗ്രന്ഥാലയങ്ങൾ ഉപയോഗിച്ച് ചിട്ടയായി നടത്തുന്ന വായന തീർച്ചയായും നമ്മെ അറിവിന്റെയും അനുഭവത്തിന്റെയും വിസ്മയതീരത്തേക്ക് ആനയിക്കും. അത് ദു:ഖിതന് ആശ്വാസം നൽകും, സംതൃപ്തനെ കൂടുതൽ സന്തോഷിപ്പിക്കും.

വായിക്കാനുള്ള ഏറ്റവും കുറഞ്ഞ യോഗ്യത അവൻ അക്ഷരാഭ്യാസം ഉള്ളവൻ ആയിരിക്കണം എന്നതാണ്. മനുഷ്യപുരോഗതിയുടെ നാഴികക്കല്ലായിരുന്നു, അച്ചടിയുടെ കണ്ടുപിടിത്തവും പുസ്തകത്തിന്റെ ഉത്ഭവവും. ചരിത്രത്തിലെ പല പ്രധാനസംഭവങ്ങളെയും നിയന്ത്രിച്ചതിൽ പുസ്തകങ്ങൾ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. മനുഷ്യർ പുസ്തകങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, പുസ്തകങ്ങൾ നല്ല മനുഷ്യരെയും സൃഷ്ടിച്ചിട്ടുണ്ട്. വായനയിൽ നിന്നു കിട്ടുന്ന ഉന്മേഷവും ജീവിതത്തേക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളും വായനക്കാരന്റെ ഹൃദയത്തെ വിശാമാക്കുന്നു. മഹാന്മാരെല്ലാം മറ്റുള്ളവരെക്കാൾ നന്നായും ഫലപ്രദമായും ജീവിച്ചത് വായനയിൽ നിന്നും അവർക്ക് കിട്ടിയ ചൈതന്യം മൂലമായിരുന്നു. വിവേകാനന്ദനും, എബ്രഹാം ലിങ്കണും, ഗാന്ധിജിയും നെഹ്റുവുമെല്ലാം നല്ല വായനക്കാരായിരിന്നു.

വാസ്തവത്തിൽ ഉത്തമമായ വായന സംസ്കാരത്തിന്റെയും ഓർമ്മശക്തിയുടെയും ഉത്തമഭാവങ്ങളെ മനുഷ്യമനസ്സിൽ ഉൽപ്പാദിപ്പിക്കുന്ന പ്രയോജനകരമായ ഒരു കൃത്യമാണ്.

ഒരു പ്രധാന വസ്തുത വായനയെന്നാൽ പുസ്തകങ്ങളിലൂടെ മാത്രമാണെന്ന് എവിടെയും കൽപ്പിച്ചിട്ടില്ല. വായിക്കുക, അറിവുനേടുക എന്നതാണു പ്രധാനം. അത് പത്രത്തിൽ നിന്നായാലും കംപ്യൂട്ടറിൽ നിന്നായാലും യാതൊരു തെറ്റുമില്ല. വായനയെ പ്രോത്സാഹിപ്പിക്കുന്ന ഏത് മാധ്യമത്തിലൂടെയും നിങ്ങൾക്ക് ആ ലോകത്തേക്ക് പ്രവേശിക്കാം.

"ഉച്ചരിച്ചയുടനെ നശിച്ചുപോകുന്ന ശബ്ദത്തെ ആശ്ചര്യകരമായൊരു രീതിയിൽ ഉപ്പിലിട്ടുവച്ചതാണ് എഴുത്ത്."മലയാളം കണ്ട മികച്ച എഴുത്തുകാരനും ഭാഷാപണ്ഡിതനുമായ ഡോ: സുകുമാർ അഴീക്കോടിന്റേതാണ് ഈ അഭിപ്രായം. അക്ഷരങ്ങളുടെ മികച്ച സമ്മേളനമാണ് ഓരോ രചനയും. അത് കാലാതീതമായി നിലകൊള്ളും. എഴുത്തുകാരൻ മണ്ണടിഞ്ഞാലും രചനകൾ മികച്ചതെങ്കിൽ കാലം അതിനൊരു തടസ്സമല്ല. സഹസ്രാബ്ദങ്ങളായി മനസ്സിൽ വെളിച്ചം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന വേദോപനിഷത്തുകൾതന്നെ ഉത്തമോദാഹരണം.

ഒരു സംസ്കാരത്തിന്റെ മഹത്വം അവിടുത്തെ പുസ്തകങ്ങളിലൂടെ അറിയുവാനവാകും. അവ വായിക്കുന്നതിലൂടെ നാം ഒരു സംസ്കാരത്തെ അറിയുകയാണ്. പ്രതിഭാലികളായവരാൽ സമ്പന്നമായ സംസ്കാരത്തിൽ നിന്നും അതുല്യമായ സൃഷ്ടികൾ പിറന്നു. കാലം മാറുന്നതിനനുസരിച്ച് വായനാ

സംസ്കാരത്തിൽ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇന്ന് പത്രങ്ങൾ പോലും ഓൺലൈനായി മാറിയിരിക്കുന്നു. അതിനാൽ വായനാമാർഗങ്ങൾ ഏതും തിരഞ്ഞെടുക്കാനുള്ള അവകാശം വായനക്കാരനുണ്ട്.

ഒരു നിമിഷം , കുറച്ചുകാലങ്ങൾക്കു മുൻപ് നമ്മുടെ മഹാനഗരിയിൽ സംഭവിച്ച ഒരു വാർത്തയിലേക്ക് നിങ്ങളുടെ ശ്രദ്ദ ഞാൻ ക്ഷണിക്കുന്നു. നഗരത്തിലെ ഒരു പ്രമുഖ പ്രസാദകരുടെ ഓഫീസിനുമുന്നിൽ ഡിസംബറിലെ തണുത്ത പ്രഭാദത്തിൽ മരം കോച്ചുന്ന തണുപ്പിനെ അവഗണിച്ചുകൊണ്ട് ഒരു നീണ്ടനിര കാണുന്നു . ഏവരും ആകാംഷയിലാണ് പലരും പുസ്തകം തീർന്നുപേയാലോ എന്ന ആശംഗയിലാണ് . ആദ്യ പ്രതിലഭിച്ച ആൾ സന്തോഷം സഹിക്കാനാവാതെ കൂകിവിളിക്കുകയും ആനന്ദനൃത്തം ചവിട്ടുകയും ഒക്കെചെയ്യുന്നു. ജ. കെ റൗളിങിന്റെ ഹാറിപ്പോർട്ടർ വാങ്ങാൻ വന്ന ജനക്കൂട്ടമായിരുന്നു അത്. രചനയുടെ തലങ്ങൾ ഏതുമായിക്കൊള്ളട്ടെ ആ ജനക്കൂട്ടം നിശബ്ദമായ് നമ്മോടു വിളിച്ചുപറയു ഒരു കാര്യമുണ്ട്, “ വായന മരിക്കുന്നില്ല ”...... അതേ വായന ഫിനിക്സ് പക്ഷിയേ പോലെ ഓരോ ഘട്ടത്തിലും പുനർജനിക്കുന്നു. നമ്മുടെ അറിവാകുന്ന അക്ഷരാഗ്നിയിൽ നാം പാകപ്പെടുന്നു.

ഒരിക്കൽ വായിക്കുന്ന കൃതികൾ എന്നും അനുവാചകന്റെ സ്മൃതിമണ്ഡലങ്ങളിൽ പച്ചപിടിച്ചു നിൽക്കും. അത്തരം കൃതികളെ കാലാധിവർത്തികൾ എന്നാണ് പറയുക. ഇ-റീഡിങ് ഉൾപ്പടെയുള്ള വായനാനുബന്ധ പ്രവണതകൾ


വളർന്നുവരുന്ന ഈ കാലത്ത് വായന മരിക്കുന്നുവെന്ന് പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. പക്ഷെ ഗ്രന്ഥശാലകൾ സർവ്വകലാശാലകളാണെന്നാണ് നമ്മുടെ പൂർവികർ നമ്മെ പഠിപ്പിച്ചത് പക്ഷെ ഇന്ന് ഗ്രന്ഥങ്ങളുടെ സ്മശാനം മാത്രമായി മാറിയിരിക്കുന്നു. ഇന്ന് അവയുമായുള്ള ബന്ധം എലികൾക്കും ഇരട്ടവാലന്മാർക്കുമാണ്. ഈ പരിതസ്ഥിതിയെ അടിസ്ഥാനമാക്കി ചിന്തിക്കുമ്പോൾ വായനയല്ല, ഗ്രന്ഥങ്ങളാണ് മരിക്കുന്നത് .

പുത്തൻ അറിവുകളുടെ അക്ഷയഖനികളാണ് പുസ്തകങ്ങൾ ഏറ്റവും നിശബ്ദവും എന്നാൽ ഏറ്റവും ശക്തവുമായ വിപ്ലവങ്ങൾക്ക് പ്രേരകമായിട്ടുള്ള പുസ്തകങ്ങൾ അനവധിയാണ്. കാൾ മാർക്സിന്റെ മൂലധനം, ഡാർവിന്റെ ഒറിജിൻ ഓഫ് സ്പീഷീസ് , ഫ്രോയിഡിന്റെ സ്വപ്നങ്ങളുടെ വ്യാഖ്യാനം തുടങ്ങി അനേകം ഗ്രന്ഥങ്ങൾ മാനവരാശിയുടെ അറിവിന്റെ മണ്ഡലങ്ങളെ കീഴ്മേൽ മറിച്ചു. അതുകൊണ്ടുതന്നെ പഴമയുടെ സുവർണകാലത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളേയും ഗ്രന്ഥാലയങ്ങളേയും നമുക്ക് തിരികെ കൊണ്ടുവരേണ്ടിയിരിക്കുന്നു. വായനയെ മാത്രമല്ല ഗ്രന്ഥങ്ങളേയും ഗ്രന്ഥാലയങ്ങളേയും നമുക്ക് സ്നേഹിക്കേണ്ടതുണ്ട് . അല്ലെങ്കിൽ ഒരുപക്ഷെ ഇവയെ കുറിച്ച് ഇന്റർനെറ്റിലൂടെ വായിച്ചറിയേണ്ട ദുരവസ്ഥ നമ്മുടെ വരുംതലമുറയ്ക്ക് ഉണ്ടാവും . അതിനാൽ ഈ വായനാദിനത്തിൽ വായനയേയും ഗ്രന്ഥങ്ങളേയും നമുക്ക് ഒരുപോലെ സ്നേഹിക്കാം . വായന മാത്രമല്ല ഗ്രന്ഥങ്ങളും

ഗ്രന്ഥാലയങ്ങളും മരിക്കാതിരിക്കട്ടെ. അതിനായി നമ്മുടെ കുഞ്ഞുങ്ങളിലൂടെ നമുക്കവയെ വളർത്തേണ്ടതുണ്ട്. നമുക്ക് വായിക്കാം ,വായിച്ചുവളരാം.....

നന്ദി, ജയ്ഹിന്ദ്

അനശ്രീ .കെ.വി



– യദുപ്രിയ കെ

*IX A*

# സഫലമീ യാത്ര

**ആസ്വാദനക്കുറിപ്പ്**

എൻ .എൻ .കക്കാട്

അസുലഭമായ പദസമ്പത്ത് ,പുരാണ ഇതിഹാസങ്ങളിലെ അവഗാഹം , അനുഭവ ബാഹുല്യം, താളബോധം ഇവയെല്ലാം അനുഗ്രഹിച്ച കവിയായിരുന്നു കക്കാട്.ആ കാവ്യജീവിതത്തിലെ അവസാന കാലത്ത് എഴുതപ്പെട്ട സഫലമീ യാത്ര അതുവരെ അദ്ദേഹം പുലർത്തിപ്പോന്ന രചനശൈലിയിൽ നിന്ന് പ്രകടമാറ്റത്തിന്റെ ഒരു സൂചന കൂടി ആണ് .

തന്നെ കീഴടക്കി കൊണ്ടിരിക്കുന്ന അർബുദത്തിന്റെ പശ്ചാതലത്തിൽ ഭാര്യയോടൊത്ത് ഒരു തിരുവാതിരരാവിനേ വരവേൽക്കുന്ന കവിയാണ് സഫലമിയാത്രയിലെ നായകൻ . ദാമ്പത്യത്തിന്റെ പൂർണതയ്ക്കും ദീർഘകാലനിലനിൽപ്പിനും വേണ്ടിയുള്ള വ്രതപരമായ ആഘോഷമെന്ന നിലയിലാണ് തിരുവാതിരയുടെ പ്രശസ്തിയും പ്രസക്തിയും . പതിയൊത്ത് 101 വെറ്റില ചവക്കേണ്ട ഈ ധനുമാസ തിരുവാതിര നാൾ കവി ആശുപത്രികിടക്കയിലാണ് .

ആശുപത്രിയിലെ ജനലഴി പിടിച്ചുകൊണ്ട് 'ഒരു ചുമയ്ക്കടിയിടറി വീഴാം ' എന്ന ആശങ്കയോടെയാണ് നേരിയ നിവലാവിനെയും പഴകിയ ഓർമ്മകൾ പോലെ വിറകൊള്ളുന്ന താരകങ്ങളെയും കവി കാണുന്നത് ഈ രാവ് പ്രതീക്ഷകളുടേതല്ല എന്നതുകൊണ്ടാവാം സഖിയുടെ മിഴിയിണകൾ തുളുമ്പുന്നത്.അവൾ അരികിലുണ്ടാകണം എന്ന നായകന് റെ ആവശ്യപ്പെടലിന് രണ്ടു തലങ്ങൾ കാണാം ഇനിയെത്ര നാൾ അങ്ങനെ ഉണ്ടാകും എന്ന ചിന്തയും, അരി കത്ത് താങ്ങാനാളില്ലെങ്കിൽ താൻ വീണ് പോയേക്കാം എന്ന ആ കുലതയും

ശിഷ്ടദിനങ്ങളെ കണ്ണീരിൽ കുതിർക്കുകയല്ല, ആ മിഴിനീർ ചവർപ്പ്പെടാതെ ജീവിതമധു ആവോളം പാനം ചെയ്യുകയാണ് കരണീയം എന്നാണ് സ്വന്തം വേദനകളെ മറച്ചു വെച്ചു കൊണ്ട് നായകൻ ഭാര്യയെ ആശ്വസിപ്പിക്കുന്നത് .

നൊന്തും നോവിച്ചും കൊഴുത്ത ചവർപ്പുകൾ കുടിച്ചു വറ്റിച്ചും മുപ്പതാണ്ടുകൾ

ഒന്നിച്ച താണ്ടിയത് ശാന്തിയുടെ ഇത്തിരി ശർക്കര നുണയുവാനായിത്തന്നെയാണ്. ജീവിതയാത്രയിൽ പിറകിലേക്കോടി മറയുന്ന കാഴ്ചകളെയാണ് കവി ഓർമ്മകളെ വിലയിരുത്തുന്നത് . കണ്ണീരു വരുവോളം ചിരിച്ചതും ദുഃഖത്തിനേറെ മറുകര കണ്ടതും കെട്ടിപ്പുണർന്നു മുകർന്നതും കുത്തിപ്പിളർന്നു മരിച്ചതും കൊന്നതും , പുഴുതിന്നതും പാതി വിടർന്നതും നിലംപതിച്ചതും ചവിട്ടിയരച്ചതും കാല് ചവിട്ടിൽ പണം വിരിച്ചതും ... ഇങ്ങനെ വിരുദ്ധ ദ്വന്ദങ്ങളായി ഓർമ്മകൾ അവതരിപ്പിക്കുമ്പോൾ ജീവിതാവസ്ഥകളുടെ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും തന്നെയാണ് ആവിഷ്കൃതമാകുന്നത്. പല സ്മൃതികളും മുഖം നഷ്ടപ്പെട്ടവയാണ്. തെരുവ് വിളക്കുകളുടെ നെറുകയിൽ ഇരുട്ടാണ്. ബോധത്തിന് ബധിരത ബാധിച്ചിരിക്കുന്നു.

പരസ്പരം ഊന്നുവടികളാവുക എന്ന ദാമ്പത്യത്തെക്കുറിച്ചുള്ള പരമമായ സങ്കല്പം തന്നെയാണ് കവിയ്ക്ക് മുന്നോട്ടു വെയ്ക്കുവാനുള്ളത്. ഇനി വരുന്ന വിഷുവും വർഷവും തിരുനോണവുമെല്ലാം താൻ അവശേഷിക്കുമോ എന്ന് സംശയമാണ്. പക്ഷെ ഈ ആതിരയെ ആശങ്കകൾ കൊണ്ടല്ല ആർദ്രത കൊണ്ടും സൗമ്യത കൊണ്ടും ഒരുമ കൊണ്ടുമാണ് സ്വീകരിക്കേണ്ടത് .

പരിക്ഷണ ചടുലമായ കക്കാടിന്റെ കാവ്യജീവിതത്തിൽ ഒരു വഴിത്തിരിവിനെ സൂചിപ്പിക്കുന്ന കവിതയാണ് സഫലമീയാത്ര. രൂപപരവും ആവിഷ്കാരപരവുമായ ദുർഗ്രഹത പലപ്പോഴും അദ്ദേഹത്തിന്റെ കവിതകളുടെ പൊതുസ്വഭാവമായി വിലയിരുത്തപ്പെടാറുണ്ട്. പാതാളത്തിന് റെ മുഴക്കം, 1963 , പോത്ത് തുടങ്ങിയ രചനകളുടെ രൂപ ജടിലയിൽ നിന്നും ദുർഗ്രഹതയിൽ നിന്നും സാരള്യത്തിലേക്കുള്ള ഒരു യാത്രയും കൂടിയാണി കവിത .പിന്നിട് വന്ന നന്ദി തിരുവോണമേ നന്ദിയും ആദ്യകാല കവിതയായ തീർത്ഥാടനവും ഏതാണ്ട് ഇതേ ജനുസ്സിൽപെട്ടവ തന്നെ. ഒരു മംഗളമുഹൂർത്തിൽ പ്രിയതമയോടൊത്ത് പഴയ ഒർമകളിലേക്ക് പോകുന്ന നായകനെ ചോറുണ്,ഊഞ്ഞാലിൽ, കണ്ണീർപ്പാടം: വിഷുകണി തുടങ്ങിയ കവിതകളിലെല്ലാം നാം കാണുന്നു.പക്ഷേ ഇവയിലെപ്പോലെ സൗഗന്ധികപുഷ്പ ജേതാവാകാനോ, ത്രാണിയീൽ കൈത്തോട് ചാടിക്കടക്കനോ, 'കണ്വമാമുനിയുടെ കന്യയാമാരോമലായി കാണാനോ കഴിയുന്ന തരത്തിൽ ആത്മവിശ്വാസം സഫലമീ യാത്രയിലെ നായകനില്ല. ഒരു ചുമയ്ക്കടിയിടറി വീഴാവുന്ന അയാൾക്ക് ഊന്നുവടിയായി നില്ക്കുന്ന പ്രണയിയിനിയെയാണ് ആവശ്യം.വരും കൊല്ലമാരെന്നുമെന്തെന്നുമാർക്കറിയാം' എന്ന ആകുലതയാണ് അയാളിൽ മുന്നിട്ടുനിൽക്കുന്നത്.


മരണവുമായുള്ള മുഖാമുഖത്തിന്റെ നിമിഷങ്ങളെ പുകമറയില്ലാതെ, ഒരു ദാർശനികന്റെ സംയമത്തോടെ
അവതരിപ്പിക്കുന്നു കവി.

1982 ഡിസംബറിൽ ഈ കവിത ആകാശവാണിയിൽ അവതരിപ്പിക്കുമ്പോൾ കവിയുടെ രോഗാവസ്ഥ വേണ്ടപ്പെട്ടവർ പോലും അറിയുന്ന നിലയിലായിട്ടില്ല. എന്നാൽ 1982 ൽ മാതൃഭൂമി ഓണപ്പതിപ്പിൽ അച്ചടിച്ചുവരുമ്പോഴേക്കും സ്ഥിതി മാറിയിരുന്നു.

പശ്ചാത്തല ചിത്രീകരണത്തിലും ബിംബകല്പനയിലുമെല്ലാം ആത്മാംശം തുളുമ്പുന്ന ഈ കവിത ആസ്വാദകന്റെ വൈകാരികത സത്യത്തെ തൊട്ടുണർത്തുന്നു.ഉദാത്തമായ ഒരു ദാമ്പത്യത്തെക്കുറിച്ചുള്ള സങ്കല്പം നമ്മുടെയെല്ലാം മനസ്സിന്റെ സ്വപ്ന സ്ഥാലിയാണല്ലോ.അതു തന്നെയാണ് ഈ കവിത മലയാളിക്ക് എന്നും പ്രിയതരമാകുന്നതിന് പ്രധാന കാരണവും.

-വിസ്മയ

IX A



-അദീബ് ഡി ബാബു

IX A

# ഇനിയെത്രനാൾ ഈ കാനനസുന്ദരി... കണ്ണാന്തളി

**യാത്രാവിവരണം**

"കണ്ണാന്തളിയും കാട്ടുകുറിഞ്ഞിയും..." കവിഭാവനമാത്രമായി മാറുന്ന കാലം വിദൂരമല്ല. കവികൾ വാഴ്ത്തിയ കണ്ണാന്തളി പൂർണമായും മൺമറഞ്ഞുകൊണ്ടിരിക്കുന്നു. കണ്ണുകളെ വിരുന്നൂട്ടുന്ന ഈ കാനനസുന്ദരി ഓണപ്പൂക്കളിൽ പ്രധാന ഇനമാണ്.



പശ്ചിമഘട്ടത്തിലെ നീർവാർചയുള്ള മണ്ണിലാണ് ഈ ചെടി കണ്ടുവരുന്നത്. മുൻകാലങ്ങളിൽ ഇടനാടൻ ചെങ്കൽക്കുന്നുകൾ ഉൾപ്പെടുന്ന പശ്ചിമഘട്ട മലനിരകളിൽ വ്യാപകമായി കണ്ടുവരുന്ന ഈ ചെറുസസ്യം അപൂർവമായി മാറിക്കൊണ്ടിരിക്കുകയാണ്. വംശനാശം നേരിടുന്ന പശ്ചിമഘട്ട സസ്യജാലങ്ങളിൽ ഒന്നാണിത്. അടിമുടി പൂത്തുനിൽക്കുന്ന കണ്ണാന്തളി ഓണക്കാലത്ത് മാവേലിയോടൊപ്പം കേരളത്തിലെത്തുന്നുവെന്നാണ് വിശ്വാസം. ജി. ശങ്കരക്കുറുപ്പും തകഴിയും എം.ടിയും ഒ.എൻവിയും പി. ഭാസ്കരൻ മാസ്റ്ററുമുൾപ്പെടെയുള്ളവർ കണ്ണാന്തളിയുടെ സൗന്ദര്യം വാഴ്ത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഇതരഭാഷകളിലെ പ്രമുഖ കവികളും ഈ സുവർണസുന്ദരിയെ വർണിച്ചിട്ടുണ്ട്. മഴ പെയ്യുന്നതോടെയാണ് ഇവ മണ്ണിൽ കിളിർത്തുവരുന്നത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് പുഷ്പിക്കുന്നത്. രണ്ടടിവരെ ഉയരത്തിൽ വളരുന്ന ഈ ചെടിയുടെ

തണ്ടിന് തീരെ ഉറപ്പില്ല. പച്ചനിറമാണ് തണ്ടിന്. മൂന്നിഞ്ചുവരെ നീളത്തിലുള്ള ഇലകളും നല്ല പച്ചയാണ്. ചെടിയുടെ അടിഭാഗം മുതൽ ശാഖകൾ ഉണ്ടാകും. ഈ ശാഖകളിലെല്ലാം പൂവും ഉണ്ടാവും. പൂക്കൾ വേഗത്തിൽ കൊഴിയുന്നില്ലെന്നതാണ് മറ്റൊരു പ്രത്യേകത. എല്ലാ ശാഖകളിലും പൂവിരിയുന്നതുവരെ ആദ്യം വിരിഞ്ഞപൂവുകൾ വാടാതെ നിൽക്കുന്നുണ്ടാകും. ഏറ്റവും മുകളിലത്തെ പൂവിന്ന് വലുപ്പംകൂടും. വിടർന്ന പൂവിന്റെ ഇതളുകൾക്കടിയിൽ ഒരു മുഴപോലെ അണ്ഡം കാണപ്പെടുന്നു. സാധാരണയായി രണ്ടു തരത്തിലുള്ള ചെടികൾ കാണപ്പെടുന്നുണ്ട്. ചെടികൾ തമ്മിൽ വ്യത്യാസമില്ലെങ്കിലും പൂക്കളിൽ നേരിയ വ്യത്യാസം കാണാം. നീലകലർന്ന വെള്ളയും മഞ്ഞകലർന്ന വെള്ളയുമാണ് ഈ വ്യത്യാസം. ഇതിൽ നീല കലർന്ന വെള്ളയാണ് കൂടുതൽ സുന്ദരി. പൂവിതളുകളുടെ മധ്യത്തിലെ മഞ്ഞ കേസരങ്ങൾക്ക് സൗന്ദര്യം വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുണ്ട്. വടക്കേ മലബാറിൽ കൃഷ്ണപ്പൂ, പറമ്പൻ പൂ എന്നും ഇതിനു വിളിപ്പേരുണ്ട്. ജന്മാഷ്ടമി നാളിൽ കൃഷ്ണവിഗ്രഹത്തിന് മുന്നിൽ ഈ പൂവിടാറുണ്ട്. 'കോമ്പ്രേറ്റേസിയ' കുടുംബാംഗമായ ഈ ചെടിയുടെ ശാസ്ത്രനാമം 'ടെർമിനാലായ കേബുലാ റെറ്റ്സ്' എന്നാണ്. ഇന്ത്യയിലെ പശ്ചിമഘട്ടംതന്നെയാണ് ജന്മസ്ഥലം.

-എസ്.പി മധുസൂദനൻ

(HSA Malayalam)

# വനവിശേഷങ്ങൾ

**വിവരണം**



1.ലാറ്റിൻഭാഷയിലെ Forestis എന്ന പദത്തിൽനിന്നുമാണ് Forest എന്ന വാക്ക് മധ്യകാല ഇംഗ്ലീഷിലേക്ക് എത്തുന്നത്.

2. Forestis ന് പുറമെയുള്ളത് (Outside) എന്നാണർഥം.

3. ഇംഗ്ലണ്ടിലെ നോർമൻ ഭരണാധികാരികളുടെ കാലത്താണ് ഈ പദം പ്രചാരത്തിലാകുന്നത്.

4. ഭൂമിയുടെ ഉപരിതലത്തിൻറെ 9.4% വും കരവിസ്തൃതിയുടെ 30% വും വനമാണ്.

5. കൃഷി ആരംഭിച്ച കാലത്ത് ഭൂമിയിൽ കരയുടെ പകുതിഭാഗവും വനമായിരുന്നു. ഇന്നത് 4 ബില്യൻ ഹെക്ടറായി കുറഞ്ഞിരിക്കുന്നു (Forest Resource Assessment 2010).

6. വന നശീകരണത്തിൽ കാട്ടുതീ പ്രമുഖ പങ്കുവഹിക്കുന്നു. 1982-83 ൽ ഇന്തോനേഷ്യയിലെ കാളിമണ്ടനിലെ 36 ലക്ഷം ഹെക്ടർ വനമാണ് കത്തിച്ചാമ്പലായത്.

## ഓർമിക്കാൻ

1. വനഭൂമി ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം- മധ്യപ്രദേശ് (77,700 ച.കി.മീ)
2. ഭൂവിസ്തൃതിയുടെ ശതമാനത്തിൽ വനം കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം – മിസോറാം (90.68%)
3. വനവിസ്തൃതി കൂടുതലുള്ള കേന്ദ്ര ഭരണ പ്രദേശം- ആൻഡമാൻ നിക്കോബാർ (81.5%)
4. കണ്ടൽ വനങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം- പശ്ചിമ ബംഗാൾ
5. വനവിസ്തൃതി ഏറ്റവും കുറഞ്ഞ ഇന്ത്യൻ സംസ്ഥാനം- പഞ്ചാബ് (1,664)
6. ഇന്ത്യയിലെ ഏറ്റവും വലിയ ടൈഗർ റിസർവ്- നാഗാർജ്ജുന സാഗർ ടൈഗർ റിസർവ് (ആന്ധ്രപ്രദേശ്)
7. ഇന്ത്യയിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ്- നീലഗിരി ബയോസ്ഫിയർ റിസർവ്
8. ലോകത്ത് വനമേഖല ഏറ്റവും കൂടുതലുള്ള രാജ്യം – റഷ്യൻ ഫെഡറേഷൻ (809 മില്യൻ ഹെക്ടർ)
9. 289 ജിഗാടൺ കാർബണാണ് ലോകത്തിലെ വനങ്ങൾ ദ്രവ്യപിണ്ഡമായി (Biomas) സംഭരിച്ചുവച്ചിരിക്കുന്നത്.

## മരത്തിൻറെ മഹിമ

നമ്മുടെ പൂർവികർ പ്രാചീനകാലത്തുതന്നെ വൃക്ഷങ്ങളുടെ പ്രാധാന്യം മനസിലാക്കിയിരുന്നു. വൃക്ഷായുർവേദത്തിലെ വരികൾ ഇതിനു നല്ല ഉദാഹരണമാണ്.

\

പത്തു കിണറിനു സമം ഒരു കുളം

പത്തു കുളത്തിനു സമം ഒരു ജലാശയം

പത്തു ജലാശയത്തിനു സമം ഒരു പുത്രൻ

പത്തു പുത്രന്മാർക്കു സമം ഒരു വൃക്ഷം

എന്നാണ് വൃക്ഷായുർവേദകാരൻ പറയുന്നത്. കൂടാതെ വൃക്ഷങ്ങൾ നടേണ്ട കാലവും രീതിയും പരിചരണവുമെല്ലാം ഇതിൽ വിശദമായി പറയുന്നുണ്ട്.

ആധുനിക ശാസ്ത്രവും ഇതു ശരിവയ്ക്കുന്നു. ഒരു മരത്തിൻറെ തണൽ അഞ്ച് എയർകണ്ടീഷണർ തുടർച്ചയായി 20 മണിക്കൂർ പ്രവർത്തിപ്പിക്കുമ്പോഴുണ്ടാ

ആയിരം പേർക്ക് ശ്വസിക്കാനുള്ള ശുദ്ധവായു ലഭിക്കുന്നതിന് രണ്ട് ഹെക്ടർ വനമെങ്കിലും വേണമെന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. 25 മരങ്ങൾ ഒരു വർഷം കൊണ്ട് ഒരു ടൺ കാർബൺഡൈ ഓക്സൈഡിനെ വലിച്ചെടുക്കുന്നുണ്ട്.

-എസ്.പി മധുസൂദനൻ

(HSA Malayalam)

# littile kites തിരിച്ചറിയൽ കാർഡ് വിതരണം











# പാഠ്യേതരപ്രവർത്തനങ്ങളിലൂടെ..............


















# നന്ദി....

'കുട്ടിപ്പട്ടം'

കൂട്ടായ്മയുടെ ഒരു കലാസൃഷ്ടിയാണ്.

ഈ ഡിജിറ്റൽ മാഗസിന്റെ

പൂർത്തീകരണത്തിന്റെ പിന്നിൽ

സഹകരിച്ചവർ ഒരുപാടുപേരുണ്ട്...

ആരോടൊക്കെയാണ് നന്ദി പറയേണ്ടത്

പ്രതിഫലം കൂടാതെ സൃഷ്ടികൾ തന്ന് സഹായിച്ചവർ ,

അധ്യാപകർ, കുട്ടികൾ ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ......

പറഞ്ഞു പോകുമ്പോൾ

അവസാനിക്കാത്ത പേരുകളോടും

അവസാനിക്കാത്ത കടപ്പാടുകളുമോടെ......

നിവേദ് സി സുരേഷ്
(എഡിറ്റർ)